# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2025 നവംബർ 6 | ദീപം 58 | നാളം 35 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




പാലാ സെന്റ് തോമസ് കോളജ് പ്ലാറ്റിനം ജൂബിലി സമാപനസമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ ഡോ. സിബി ജെയിംസ്, മന്ത്രി റോഷി അഗസ്റ്റിൻ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, കേന്ദ്രമന്ത്രി ജോർജ് കുര്യൻ, കെ. ഫ്രാൻസിസ് ജോർജ് എം.പി., മന്ത്രി വി.എൻ. വാസവൻ, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവർ സമീപം.

# പാലാ സെന്റ് തോമസ് കോളജ്

## നാടിനു വിജ്ഞാനവെളിച്ചം പകർന്ന കുലീനകലാലയം

നാടിനു വെളിച്ചവും ധാർമിക ബോധനവും പകർന്ന കുലീനകലാലയമാണ് പാലാ സെന്റ് തോമസ് കോളജെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കോളജിന്റെ പ്ലാറ്റിനം ജൂബിലി സമാപനസമ്മേളനം ഒക്ടോബർ 23 ന് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. കേരളത്തെ മുൻനിരസംസ്ഥാനങ്ങളിൽ ഒന്നാകാൻ പ്രാപ്തമാക്കിയത് സാക്ഷരതയും വിദ്യാഭ്യാസവുമാണെന്നു രാഷ്ട്രപതി പറഞ്ഞു. വികസനത്തിന്റെയും വളർച്ചയുടെയും അവസരങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനുള്ള താക്കോലാണ് വിദ്യാഭ്യാസം. പ്രധാനമായും ഗ്രാമപ്രദേശങ്ങളിൽനിന്നുള്ള വിദ്യാർഥികൾക്കു വിദ്യാഭ്യാസം നല്കുക എന്ന ലക്ഷ്യത്തോടെയാണ് പാലാ സെന്റ് തോമസ് കോളജ് സ്ഥാപിച്ചത്. 75 വർഷമായി സെന്റ് തോമസ് കോളജ് ഈ ലക്ഷ്യം നിറവേറ്റുന്നുവെന്നു രാഷ്ട്രപതി പറഞ്ഞു.

ഗുണനിലവാരമുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിൽ കോളജ് തുടർന്നും പങ്കുവഹിക്കുമെന്നും അതുവഴി 2047 ആകുമ്പോഴേക്കും കൂടുതൽ നീതിയുക്തമായ ഒരു സമൂഹവും വികസിതഭാരതവും കെട്ടിപ്പടുക്കുന്നതിന് സംഭാവന നല്കുമെന്നും തനിക്കുറപ്പുണ്ട്. വിദ്യാഭ്യാസമില്ലാത്ത ഒരു പ്രദേശം ഇരുണ്ടപ്രദേശമായി തുടരും. വിദ്യാഭ്യാസത്തിന്റെ വെളിച്ചം വ്യക്തിഗതവും കൂട്ടായതുമായ പുരോഗതിയിലേക്കുള്ള പാതയെ പ്രകാശിപ്പിക്കുന്നു. വിദ്യാഭ്യാസത്തിന്റെ വെളിച്ചം പരത്തുന്നതിൽ സെന്റ് തോമസ് കോളജിന്റെ ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. സമഗ്ര വിദ്യാഭ്യാസം സാർവത്രിക അനുകമ്പയുടെയും സ്നേഹത്തിന്റെയും മൂല്യങ്ങൾ ഉൾക്കൊള്ളുന്നു. ഈ മൂല്യങ്ങൾ ഉയർത്തിക്കാട്ടുന്നതിന് ഞാൻ കോളജിനെ അഭിനന്ദിക്കുന്നു. - രാഷ്ട്രപതി പറഞ്ഞു.

കോളജിന്റെ എംബ്ലത്തിൽ എഴുതിയിരിക്കുന്ന ജീവിതം, പ്രകാശം, സ്നേഹം എന്നീ വാക്കുകൾ മാനുഷികമൂല്യങ്ങളെ സ്ഫുരിപ്പിക്കുന്നതാണ്. ഉന്നത വിദ്യാഭ്യാസരംഗത്തു മാത്രമല്ല, രാജ്യത്തിന്റെ കായികമുന്നേറ്റത്തിലും മറ്റു തലങ്ങളിലും സെന്റ് തോമസ് കോളജ് ഈടുറ്റ സംഭാവന നൽകിയതായി രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

അന്താരാഷ്ട്ര വോളിബോൾ ഇതിഹാസവും ഇവിടത്തെ പൂർവവിദ്യാർഥിയുമായ ജിമ്മി ജോർജിന്റെ കായികനേട്ടത്തെ പുതിയ തലമുറ മാതൃകയാക്കണം. വേറെയും ഒട്ടേറെ പ്രശസ്ത വ്യക്തികൾ ഈ കോളജിന്റെ പൂർവവിദ്യാർഥികളായുണ്ട്. സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റീസ് കെ.ജി. ബാലകൃഷ്ണനെപ്പോലുള്ള നിയമജ്ഞരും കേന്ദ്രമന്ത്രിമാരും ജനപ്രതിനിധികളും നയതന്ത്രജ്ഞരും വിദ്യാഭ്യാസവിചക്ഷണരും ഉദ്യോഗസ്ഥപ്രമുഖരും ഇവിടെ പഠിച്ചവരിൽപ്പെടുന്നു. ധാർമികതയും സാഹോദര്യവും ദേശസ്നേഹവും പ്രസരിപ്പിക്കുന്ന അധ്യാപനത്തിലൂടെ നാടിന് വിശിഷ്ടവ്യക്തികളെ സമ്മാനിക്കാൻ കോളജിനു കഴിഞ്ഞു. കെ.ആർ.നാരായണൻ കോട്ടയത്തിന്റെ മകനായിരുന്നു. എളിയ തുടക്കത്തിൽനിന്നാണ് അദ്ദേഹം രാഷ്ട്രപതിസ്ഥാനത്തെത്തിയത്.

സാമൂഹികവും വിദ്യാഭ്യാസപരവുമായ പരിവർത്തനങ്ങളുടെ മഹത്തായ അധ്യായങ്ങൾക്കു കോട്ടയം സാക്ഷ്യം വഹിച്ചിട്ടുണ്ട്. നൂറ്റാണ്ടുമുമ്പു നടന്ന വൈക്കം സത്യഗ്രഹം ഇതിനു പ്രധാന തെളിവാണ്. കേരളത്തിലെ ആദ്യത്തേതും ഇന്ത്യയിലെ ആദ്യകാല അച്ചടിശാലകളിൽ ഒന്നുമായ അച്ചടിശാല കോട്ടയത്താണ് സ്ഥാപിതമായത്. വായിച്ചുവളരുകയെന്ന മുദ്രാവാക്യത്തോടെ സാക്ഷരകേരളമുന്നേറ്റത്തിനും ഗ്രന്ഥശാലാപ്രസ്ഥാനത്തിനും നായകത്വം വഹിച്ച പി.എൻ. പണിക്കരുടെ നാടാണു കോട്ടയമെന്നും രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു.

ബിഷപ് വയലിൽ ഹാളിൽ നടന്ന സമ്മേളനത്തിൽ ഗവർണർ രാജേന്ദ്രവിശ്വനാഥ് അർലേക്കർ, കേന്ദ്രമന്ത്രിയും പൂർവവിദ്യാർഥിയുമായ ജോർജ് കുര്യൻ, മന്ത്രി വി.എൻ. വാസവൻ, പ്രിൻസിപ്പൽ ഡോ. സിബി ജെയിംസ് എന്നിവർ പ്രസംഗിച്ചു. പാലാ ബിഷപ്പും കോളജ് രക്ഷാധികാരിയുമായ മാർ ജോസഫ് കല്ലറങ്ങാട്ട്, മന്ത്രിയും പൂർവവിദ്യാർഥിയുമായ റോഷി അഗസ്റ്റിൻ, എം.പിമാരായ കെ. ഫ്രാൻസിസ് ജോർജ്, ജോസ് കെ. മാണി, മാണി സി. കാപ്പൻ എംഎൽഎ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. രാഷ്ട്രപതി, ഗവർണർ, മന്ത്രി ജോർജ് കുര്യൻ എന്നിവർക്ക് മാർ ജോസഫ് കല്ലറങ്ങാട്ട് ആറന്മുള കണ്ണാടി സമ്മാനിച്ചു. ■

# രാഷ്ട്രപതിയുടെ സന്ദർശനം പാലായ്ക്കു ചരിത്രമുഹൂർത്തമായി




***വേദിയിൽ:*** *സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ. സിബി ജെയിംസ്, മാണി സി. കാപ്പൻ എം.എൽ.എ, ജോസ് കെ.മാണി എം.പി, മന്ത്രി റോഷി അഗസ്റ്റിൻ, ഗവർണർ വിശ്വനാഥ് അർലേക്കർ, രാഷ്ട്രപതി ദ്രൗപദി മുർമു, കേന്ദ്രമന്ത്രി ജോർജ് കുര്യൻ, മന്ത്രി വി.എൻ. വാസവൻ, കെ. ഫ്രാൻസിസ് ജോർജ് എം.പി, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് എന്നിവർ.*

■ **സിജു ജോസഫ്**

**പാ**ലായ്ക്കു ചരിത്രമുഹൂർത്തം സമ്മാനിച്ച രാഷ്ട്രപതിയുടെ സന്ദർശനം സെന്റ് തോമസ് കോളജിനു മാത്രമല്ല, മീനച്ചിൽ താലൂക്കിനാകെ അഭിമാനമുണർത്തുന്നതായി. ശിവഗിരിയിൽ ഗുരുദേവ സമാധി ശതാബ്ദിയാചരണത്തിന്റെ ഉദ്ഘാടനം നിർവഹിച്ചശേഷം 23 ന് ഉച്ചകഴിഞ്ഞ്, 3.05 ന് ഹെലികോപ്റ്ററിൽ പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിലെത്തിയ രാഷ്ട്രപതിയെ ഗവർണർ രാജേന്ദ്രവിശ്വനാഥ് അർലേക്കർ, മന്ത്രി വി. എൻ. വാസവൻ, ജില്ലാ കളക്ടർ ചേതൻ കുമാർ മീണ, ജില്ലാ പൊലീസ് ചീഫ് എ. ഷാഹുൽ ഹമീദ് എന്നിവർ ചേർന്നു സ്വീകരിച്ചു. തുടർന്ന് സമ്മേളനവേദിയായ 'ബിഷപ് വയലിൽ ഹാ'ളിലേക്കു പോയ രാഷ്ട്രപതി 40 മിനിറ്റ് നീണ്ട സമ്മേളനത്തിനു ശേഷം ഹെലികോപ്റ്ററിൽ കോട്ടയത്തേക്കു മടങ്ങി.

സമ്മേളനത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചവരെല്ലാം ഉച്ചകഴിഞ്ഞ് രണ്ടു മണിയോടെ ഹാളിൽ പ്രവേശിച്ചു. അധ്യാപകർ, അനധ്യാപകർ, വിദ്യാർഥികൾ, പൂർവാധ്യാപകർ, പൂർവവിദ്യാർഥികൾ, സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മേഖലകളിൽനിന്നുള്ള മറ്റാളുകൾ എന്നിവരാണ് സദസ്സിലുണ്ടായിരുന്നത്. കോളജിന്റെ സ്ഥാപകൻ അഭിവന്ദ്യ വയലിൽ പിതാവിന്റെ ജീവിതത്തിലേക്കും കോളജിന്റെ ആദ്യകാലചരിത്രത്തിലേക്കും വളർച്ചയിലേക്കും വെളിച്ചം വീശുന്ന ഫോട്ടോകളും വീഡിയോകളും വിവരണങ്ങളും മൂന്നു സ്ക്രീനുകളിലായി പ്രദർശിപ്പിച്ചത് എല്ലാവർക്കും ഓർമ്മകളിലേക്കുള്ള മടക്കയാത്രകൂടിയായി. പ്രിൻസിപ്പൽ ഡോ. സിബി ജെയിംസ് സ്വാഗത പ്രസംഗമാരംഭിച്ചതും അഭിവന്ദ്യ വയലിൽപിതാവിനെ അനുസ്മരിച്ചുകൊണ്ടാണ്.

സാർവത്രികമായ അനുകമ്പയുടെയും സ്നേഹത്തിന്റെയും മൂല്യങ്ങളാണ് വിദ്യാഭാസപ്രവർത്തനങ്ങൾ പ്രതിഫലിപ്പിക്കുന്നതെന്നും ഈ ദൗത്യം അഭംഗുരം തുടരുന്നതിൽ സെന്റ് തോമസ് കോളജിനെ താൻ അഭിനന്ദിക്കുന്നതായുമുള്ള ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ വാക്കുകൾ കോളജിനുള്ള അംഗീകാരം കൂടിയായി. പ്രതിസന്ധികളുടെയും അനിശ്ചിതത്വങ്ങളുടെയും ദുരിതവഴികൾ താണ്ടിയ അഭിവന്ദ്യവയലിൽപിതാവ് ഉൾപ്പെടെയുള്ളവർ തെളിച്ചിട്ട അതേ ദർശനവഴികളിൽകൂടിയാണ് എഴുപത്തിയഞ്ചാണ്ടിനപ്പുറവും ഈ കലാലയം സഞ്ചരിക്കുന്നത് എന്നതിന്റെ നേർസാക്ഷ്യം കൂടി



രാഷ്ട്രപതി ദ്രൗപദി മുർമുവിന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആറന്മുളക്കണ്ണാടി സമ്മാനിക്കുന്നു.

യായിരുന്നു ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീമതി ദ്രൗപദി മുർമുവിന്റെ വാക്കുകൾ.

പാലാ രൂപത മുഖ്യ വികാരി ജനറാളും കോളജ് മാനേജരുമായ മോൺ. ഡോ. ജോസഫ് തടത്തിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയെ കോളജിനുള്ളിൽ സ്വീകരിച്ചു. 'എ' ബ്ലോക്കിലെ നവീകരിച്ച പാർലറിൽ ഇരുപതു മിനിട്ട് വിശ്രമിച്ചതിനുശേഷമാണ് ബഹു. രാഷ്ട്രപതിസമ്മേളനവേദിയിലേക്കെത്തിയത്. നാല് ജില്ലാ പോലീസ് മേധാവികളുടെ നേതൃത്വത്തിലുള്ള വിപുലമായ സുരക്ഷാക്രമീകരണങ്ങളാണ് രാഷ്ട്രപതിയുടെ സന്ദർശനത്തിനോടനുബന്ധിച്ച് ഒരുക്കിയിരുന്നത്.

പ്രിൻസിപ്പൽ ഡോ. സിബി ജെയിംസ്, വൈസ് പ്രിൻസിപ്പൽ റവ. ഡോ. സാൽവിൻ തോമസ് കാപ്പിലിപ്പറമ്പിൽ, ബർസാർ റവ. ഫാ. മാത്യു ആലപ്പാട്ടുമേടയിൽ, ജനറൽ കോർഡിനേറ്റർ ശ്രീ. ആശിഷ് ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ അധ്യാപകർ, അനധ്യാപകർ എന്നിവരുൾപ്പെട്ട സംഘാടകസമിതിയുടെ പ്രവർത്തനങ്ങളും ശ്രദ്ധേയമായി.



*പാലാ സെന്റ് തോമസ് കോളജ് ഗ്രൗണ്ടിലെത്തിയ രാഷ്ട്രപതിയെ ഗവർണർ രാജേന്ദ്രവിശ്വനാഥ് അർലേക്കർ, മന്ത്രി വി.എൻ. വാസവൻ, ജില്ലാ കളക്ടർ ചേതൻ കുമാർ മീണ, ജില്ലാ പൊലീസ് ചീഫ് എ. ഷാഹുൽ ഹമീദ് എന്നിവർ ചേർന്നു സ്വീകരിക്കുന്നു.*



*പാലാരൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് രാഷ്ട്രപതിക്ക് യാത്രാവന്ദനം നേരുന്നു. മന്ത്രി റോഷി അഗസ്റ്റിൻ, മാണി സി. കാപ്പൻ എം.എൽ.എ., പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് ഡോ. ജോസഫ് തടത്തിൽ എന്നിവർ സമീപം.*

# പെൺമയുടെ നന്മകൾ പെയ്തൊഴിയുന്നുവോ?



റ്റോം ജോസ് തഴുവംകുന്ന്

എവിടെ തിരിഞ്ഞുനോക്കിയാലും വനിതാമുന്നേറ്റത്തിന്റെ വർത്തമാനങ്ങളാണ്. നല്ലതുതന്നെ! വനിതകൾ സമൂഹത്തിന്റെ മുഖച്ഛായകളും ഹൃദയസൂക്ഷിപ്പുകാരുമാണ്. സാമ്പത്തികസാമൂഹികവൈജ്ഞാനികകാർഷിക മേഖലകളിലെല്ലാം വനിതാമുന്നേറ്റം പ്രകടമാണ്. ജനാധിപത്യത്തിന്റെ മുഖ്യധാരയിലും ഭരണത്തിന്റെ ഇടനാഴിയിലും വനിതകളുണ്ട്. ബഹിരാകാശരംഗത്തും വനിതകൾ മുന്നിൽത്തന്നെ. ഒന്നിലും പിന്നിലല്ലാത്ത വനിതകൾ പക്ഷേ, ചില കാര്യങ്ങളിൽ ആശങ്കയുടെ കല്ലുകടികൾ സൃഷ്ടിക്കുന്നു.

പഴയകാലസങ്കല്പത്തിൽ കുടുംബത്തിലും സമൂഹത്തിലും അരുതുകളുടെ അതിരുകൾ കാണിക്കുന്നതിൽ മുൻനിരയിലായിരുന്നു വനിതകൾ; നന്മയുടെ വിളക്കുമായി ത്യാഗബുദ്ധിയോടെ പുരുഷന്മാർക്കു വഴികാട്ടിയായിരുന്നു. വഴിവിട്ട സഞ്ചാരത്തിനു തടയിടാൻ വനിതകളുടെ സുരക്ഷിതമായ മനസ്സ് മുൻനിരയിലുണ്ടായിരുന്നു. മഹത്തായ കാര്യങ്ങളുടെ അണിയറശില്പികളായിരുന്നു വനിതകൾ. വീട്ടിലും നാട്ടിലും പ്രവൃത്തിമേഖലകളിലും അണയാത്ത ‘സ്നേഹദീപം’ വനിതകളുടെ മുഖമുദ്രയായിരുന്നു.

ജീവനെ ഹനിക്കാനോ ക്രൂരവും നിന്ദ്യവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ സത്യവിരുദ്ധമായി പ്രവർത്തിക്കാനോ വനിതകൾ സമ്മതിച്ചിരുന്നില്ല! സമൂഹത്തിന്റെ ജീവിതയാത്രയിലെ ‘സിഗ്നൽജങ്ഷ’നായിരുന്നു വനിതകൾ എന്നു പറയേണ്ടിവരും. പ്രശ്നങ്ങളിലേക്ക് എത്തിപ്പെടാതിരിക്കാൻ ജാഗ്രതയുള്ളവരായിരുന്നു വനിതകൾ.

തെറ്റുകളിൽനിന്നു ചുറ്റുപാടുകളെ രക്ഷിച്ചിരുന്ന വനിതകൾ പക്ഷേ, ഇന്ന് ഞെട്ടിക്കുന്ന തെറ്റുകളിൽ അഥവാ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി കാണുന്നു. നന്മയിൽ ഒപ്പമെത്തേണ്ടവർ അല്ലെങ്കിൽ ഒപ്പമായിരിക്കേണ്ടവർ കുറ്റകൃത്യങ്ങളിൽ പങ്കാളികളാകുന്നത് നമ്മുടെ സമൂഹത്തിന്റെ താളം തെറ്റിക്കുമെന്നതിൽ സംശയമില്ല. വനിതകളുടെ ബുദ്ധിയല്ല, ഹൃദയമാണ് മനുഷ്യരെ ആകർഷിക്കുന്നത്. സദാചാരം, സത്യം, വിനയം, കരുണ, ആർദ്രത, ആത്മീയത, സമസൃഷ്ടിസ്നേഹം തുടങ്ങി ചുറ്റുമുള്ളവർക്ക് ജീവിതപാഠങ്ങളാകുന്ന മൂല്യങ്ങൾക്ക് എവിടെയൊക്കെയോ അപഭ്രംശം സംഭവിച്ചിരിക്കുന്നു. ലക്ഷ്യം നേടാൻ മാർഗം പ്രശ്നമല്ലെന്നായിരിക്കുന്നു. കുറ്റകൃത്യങ്ങളുടെ ഗൗരവം ചുറ്റുമുള്ളവരെ ആശങ്കപ്പെടുത്തുന്നു. പുരുഷജീവിതത്തെ സജീവമാക്കിനിർത്തുന്നത് സ്നേഹമയികളായ സ്ത്രീകളാണെന്നത് മറക്കാതിരിക്കാം.

‘അപൂർവങ്ങളിൽ അപൂർവ’മെന്നു നിയമപുസ്തകം കണ്ടെത്തുന്ന തെറ്റുകളിൽപോലും വനിതകളുടെ പങ്കാളിത്തം സമൂഹത്തെ ഞെട്ടിക്കുന്നുണ്ട്. ആത്മഹത്യകൾ പെരുകുന്നത് നമ്മെ ആശങ്കപ്പെടുത്തുന്നു. പുറമേ ശക്തരെന്നു കാണപ്പെടുന്നവരുടെ ആന്തരികനില തെല്ലും



ബലമുള്ളതല്ലെന്നു തോന്നിപ്പിക്കുന്ന വർത്തമാനങ്ങൾ നമുക്കു ഭയമുളവാക്കുന്നതാണ്. വിദ്യാഭ്യാസത്തിന്റെ ഏറ്റക്കുറച്ചിലോ, സാമ്പത്തികനിലയിലെ വ്യതിയാനങ്ങളോ തൊഴിൽമേഖലയിലെ അസന്തുലിതാവസ്ഥകളോ ഒന്നും ഇന്നത്തെ ആത്മഹത്യകളുടെ ഗണത്തിൽ കാരണങ്ങളാകുന്നില്ല. സാമാന്യചിന്തകളെ ഹനിക്കും വിധമാണ് കുറ്റകൃത്യങ്ങൾ പെരുകുന്നത്. കുറ്റവാളികളുടെനിരയിൽ വനിതകളുടെ വൻവർധനയാണ് സമീപകാലത്തുണ്ടായിരിക്കുന്നത്.

കുഞ്ഞുങ്ങളുടെ ചുണ്ടുകളിൽ ദൈവത്തിന്റെ പേര് അമ്മയെന്നാണ് എന്നൊരു വിശുദ്ധ കാഴ്ചപ്പാടുണ്ട്. വിശുദ്ധ വിചാരങ്ങളെ അനുദിനജീവിതത്തോടൊപ്പമാക്കുന്നതിൽ സ്ത്രീകളുടെ മനോനിലയ്ക്കു സുപ്രധാനപങ്കുണ്ടെന്നതു മറക്കരുത്. ധനമോഹത്തിനും ആഡംബരഭ്രമത്തിനുമപ്പുറം സത്യത്തിൽ ഉറച്ചുനിൽക്കുന്നവരാകണം സ്ത്രീകൾ.

ആധുനികസ്ത്രീകളുടെ അചഞ്ചലവും നിർഭയവുമായ നിലപാടുകൾ പ്രശംസനീയമാകുമ്പോഴും അവളുടെ നന്മയിൽനിന്നുള്ള ചുവടുമാറ്റം ആരും ആഗ്രഹിക്കുന്നില്ല.

രാത്രിയിലും അണയാത്ത വിളക്കാണവൾ എന്നാണ് സ്ത്രീയെക്കുറിച്ചുള്ള സങ്കല്പം! കൂരിരുളിലും വെളിച്ചമാകുന്നവളാണ് സ്ത്രീയെങ്കിൽ അതിനു സമാനമായ മാറ്റങ്ങൾക്കാണ് വനിതകൾ നേതൃത്വം നൽകേണ്ടത്. എവിടെയും ഒരു തിരുത്തൽ ശക്തിയാകേണ്ടവളാണ് സ്ത്രീ; ഒരു കാലത്ത് അങ്ങനെതന്നെയായിരുന്നുതാനും. എക്കാലത്തും മുൻനിരയിൽ സ്വീകാര്യതയുള്ളതും സ്ത്രീകൾക്കുതന്നെയാണ്. “അവൾ വായ് തുറന്നാൽ ജ്ഞാനമേ പുറത്തുവരൂ; ദയാമസൃണമായ ഉപദേശം അവളുടെ നാവിലുണ്ട്” (സുഭാ. 31:26). ജ്ഞാനവും സമാനമായ ഉപദേശവും വനിതകളുടെ ജനിതകദാനമാണ്; ദൈവദാനമാണ്. സമസ്ത മേഖലയിലും വനിതകൾ കർമനിരതമാകുമ്പോഴും ഈ ദൈവദാനം ഓർമയിലുണ്ടാകണം. നന്മയുടെ പ്രയോക്താക്കളാകാൻ വിളിയുള്ളവരാണ് വനിതകൾ എന്നു മറക്കരുത്.

**കോലഹലത്തിലും തിക്കിലും തിരക്കിലും ആഡംബരനിറവിലും ആഘോഷത്തിലുമൊന്നുമല്ല നിശബ്ദതയിലാണ് ദൈവം മനുഷ്യരോടു സംഭാഷിക്കുന്നത്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ നമുക്കു മനസ്സിലാകും നിശബ്ദതയുടെ ദൈവീക ഭാഷണം ‘യഥാവിധി’ ശ്രവിക്കുന്നത് സ്ത്രീകളാണെന്ന്. അതുതന്നെയാണ് ഒറ്റുകൊടുക്കുന്നവരേയും തള്ളിപ്പറയുന്നവരേയും ‘സ്നേഹിതാ’ എന്നു വിളിക്കുന്ന പെണ്മ!**

പഴയകാലത്ത് അമ്മമാർ കുടുംബത്തിനുവേണ്ടി ജാഗ്രതയോടെ സംസാരിക്കുന്നവരായിരുന്നു. പുരുഷന്മാരെ മുന്നാക്കം നിറുത്തുമ്പോഴും ‘വാതിൽമറവിൽ’നിന്നു സംസാരിക്കുന്ന വനിതകളുടെ വാക്കിന് സ്വർഗീയ പ്രകാശമുണ്ടായിരുന്നു. ‘കുടുംബം’ എന്ന സംബോധനയിൽ പുരുഷന്മാർ വനിതകളെ കുടുംബത്തിന്റെ മുഴുവൻ ‘രക്ഷാധികാരി’യാക്കുകയായിരുന്നു. തുല്യതയുടെ തർക്കത്തേക്കാൾ കുടുംബത്തിന്റെ കെട്ടുറപ്പിന്റെ ‘സഹനം’ ദൈവതിരുമുമ്പിൽ കാഴ്ചയാക്കി സമർപ്പിക്കുന്നവരായിരുന്നു വനിതകൾ. പുരുഷന്മാർ ഒരേസമയം പല കാര്യത്തിൽ ശ്രദ്ധിക്കാറില്ല; എന്നാൽ, ഒരേസമയം പല കാര്യങ്ങൾ ശ്രദ്ധയോടെ ചെയ്യാനാകുന്നവരാണ് വനിതകൾ!

മുൻനിരപോരാളിയേക്കാൾ ശക്തരായിരുന്നു വനിതകൾ എന്നും. എന്നാൽ, ഇന്നു കാലമേറെ നവീനമാകുമ്പോൾ എവിടെയൊക്കെയോ താളപ്പിഴകൾ വന്നുപെട്ടിരിക്കുന്നു. ദാമ്പത്യത്തിന്റെ വിശുദ്ധിക്കു മങ്ങലേല്പിച്ചുകൊണ്ട് ‘ആൺസുഹൃത്ത്-പെൺസുഹൃത്ത്’ ബന്ധങ്ങൾ വന്നുപെട്ടിരിക്കുന്നു. സൗഹൃദത്തിന്റെ അർഥവും അർഥാന്തരവും കൺഫ്യൂഷനാകുന്ന കാലം!

തർക്കവിതർക്കങ്ങളേക്കാൾ നമ്മുടെ സമൂഹത്തിന് ഒരു തിരിഞ്ഞുനോട്ടമോ വിചിന്തനമോ അനിവാര്യമാകുന്ന കാലമാണിന്ന്. മുന്നിലെ ‘തീയും വെള്ളവും’ വിവേകത്തോടെ തിരഞ്ഞെടുക്കാൻ എല്ലാവർക്കും; പ്രത്യേകിച്ച്, സ്ത്രീകൾക്കു ബാധ്യതയുണ്ട്.

സ്നേഹത്തിന്റെ സൂക്ഷ്മാംശത്തിൽ മനനം ചെയ്യുന്നവളാണ് സ്ത്രീ. മൃദുലവിചാരങ്ങൾ, മൃദുസ്പർശം, മൃദുഭാഷണം, ആരെയും നയിക്കാനും സന്മാർഗത്തിന്റെ സാരാംശം അന്യരിലേക്കു സന്നിവേശിപ്പിക്കാനും കഴിവുള്ളവൾ.

സമൂഹത്തിൽ നന്മയുടെ നെടുനായകത്വം വഹിക്കാനുള്ള തിരുത്തൽശക്തിയായി സ്ത്രീകൾ മുൻനിരയിലും പിൻനിരയിലും മധ്യനിരയിലും ഒളിഞ്ഞും തെളിഞ്ഞുമുണ്ടാകണം. മാറ്റമില്ലാത്ത മനുഷ്യത്വത്തിന്റെ വക്താക്കളായി സ്ത്രീത്വം ശക്തിപ്രാപിക്കുമ്പോൾ സ്ത്രീകളറിയാതെ തന്നെ സമൂഹത്തിന്റെ സാരാംശമായി ‘പെണ്മ’ വളർന്നുപന്തലിക്കും. ഭരണനൈപുണ്യത്തെക്കാൾ ജീവന്റെ സംരക്ഷണത്തിനും പരിപാലനത്തിനും പരിപോഷണത്തിനും ദൈവത്തോടൊപ്പം നിൽക്കുന്നവളാണ് സ്ത്രീകളെന്നുള്ള ഒരു ബോധം സദാ ഉണ്ടാകണം. പുരുഷന്മാരുടെ കാഴ്ചയേക്കാൾ സ്ത്രീകളുടെ ഉൾക്കാഴ്ച സമൂഹത്തിനു മാറ്റത്തിന്റെ മറുപുറമാകുമെന്നു തിരിച്ചറിഞ്ഞ് വർത്തിക്കണം.

തിക്കിലും തിരക്കിലും ആഡംബരനിറവിലും ആഘോഷത്തിലുമൊന്നുമല്ല നിശ്ശബ്ദതയിലാണ് ദൈവം മനുഷ്യരോടു സംഭാഷിക്കുന്നത്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ നമുക്കു മനസ്സിലാകും, നിശ്ശബ്ദതയുടെ ദൈവികഭാഷണം ‘യഥാവിധി’ ശ്രവിക്കുന്നത് സ്ത്രീകളാണെന്ന്. അതുതന്നെയാണ് ഒറ്റുകൊടുക്കുന്നവരെയും തള്ളിപ്പറയുന്നവരെയും ‘സ്നേഹിതാ’ എന്നു വിളിക്കുന്ന പെണ്മ!

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ
**ഫാ. സിറിയക് തടത്തിൽ**

അസി. മാനേജർ
**ഫാ. മാത്യു തെന്നാട്ടിൽ**



ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത് എന്നതിന്റെ അർഥം മനസ്സിലാക്കിയിരുന്നെങ്കിൽ നിങ്ങൾ നിരപരാധരെ കുറ്റം വിധിക്കുമായിരുന്നില്ല.
മത്താ 12:7

## എഡിറ്റോറിയൽ

# എന്തിനീ ഒളിച്ചുകളി ?

തദ്ദേശതിരഞ്ഞെടുപ്പും തൊട്ടുപിന്നാലേ നടക്കാനിരിക്കുന്ന നിയമസഭാതിരഞ്ഞെടുപ്പും കാൽച്ചുവട്ടിൽ വന്നുനില്ക്കെ ‘പിഎം ശ്രീ’ യെച്ചൊല്ലി ഭരണമുന്നണിയിലെ പ്രബലകക്ഷികൾ തമ്മിൽ രൂക്ഷമായിരിക്കുന്ന അഭിപ്രായഭിന്നത മുന്നണിബന്ധം കലുഷിതമാക്കിയിരിക്കുന്നു. ‘സീറ്റുവിഭജന’ത്തെക്കാൾ വലിയ വിഭജനമായി അതു മാറുമോയെന്നാണ് രാഷ്ട്രീയകേരളം ഇപ്പോൾ ഉറ്റുനോക്കുന്നത്. തങ്ങളുടെ എതിർപ്പിനെ അവഗണിച്ച്, മുന്നണിയിൽപ്പോലും ആലോചിക്കാതെ ഡൽഹിയിൽചെന്നു ധൃതിയിൽ ഒപ്പിട്ടുകൊടുത്ത പിഎം ശ്രീ ധാരണാപത്രത്തിൽനിന്നു സിപിഎം പിൻവാങ്ങിയില്ലെങ്കിൽ അടുത്ത മന്ത്രിസഭായോഗത്തിൽ പങ്കെടുക്കില്ലെന്നും അതു ഫലിച്ചില്ലെങ്കിൽ സ്വന്തം മന്ത്രിമാരെത്തന്നെ പിൻവലിക്കുമെന്നുമൊക്കെയാണ് സിപിഐ മുഴക്കുന്ന ഭീഷണി. കാത്തിരുന്നു കാണുക തന്നെ.

എന്താണ് ഈ പിഎം ശ്രീ? 2020 ൽ കേന്ദ്രം പ്രഖ്യാപിച്ച ദേശീയവിദ്യാഭ്യാസനയത്തിന്റെ (എൻഇപി) ഭാഗമായി 2022 സെപ്റ്റംബർ ഏഴിന് അവതരിപ്പിച്ച പദ്ധതിയാണ് പ്രധാനമന്ത്രി സ്കൂൾ ഫോർ റൈസിങ് ഇന്ത്യ അഥവാ പിഎം ശ്രീ. അഞ്ചുവർഷത്തേക്കു വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയുടെ മൊത്തം ചെലവ് 27,360 കോടി രൂപ. 18,128 കോടി കേന്ദ്രത്തിന്റെയും 9,232 കോടി സംസ്ഥാനങ്ങളുടെയും വിഹിതം. തിരഞ്ഞെടുക്കപ്പെട്ട 15,000 സ്കൂളുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയത്രേ ലക്ഷ്യം. ഓരോ സംസ്ഥാനത്തും ബ്ലോക്കുതലത്തിൽ പരമാവധി രണ്ടു സ്കൂളുകളാണ് (ഒരു പ്രൈമറി സ്കൂളും ഒരു സെക്കൻഡറി സ്കൂളും) പദ്ധതിയിൽ ഉൾപ്പെടുക. ഇപ്പോൾത്തന്നെ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള ജവഹർ നവോദയവിദ്യാലയങ്ങളും കേന്ദ്രീയവിദ്യാലയങ്ങളുമടക്കമുള്ള 47 സ്ഥാപനങ്ങളുടെ മാതൃകയിൽ കർശനമാനദണ്ഡങ്ങൾ പാലിച്ചാവും സ്കൂളുകളുടെ തിരഞ്ഞെടുപ്പ്. കേടുപാടുകളില്ലാത്ത സ്കൂൾകെട്ടിടം, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ്, ഭിന്നശേഷിക്കാരായ കുട്ടികൾക്കു റാമ്പുകൾ, വിദ്യാർഥികളുടെയും അധ്യാപകരുടെയും നിശ്ചിതനിലവാരം തുടങ്ങിയ കർശനമാനദണ്ഡങ്ങൾ പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾക്കു വർഷത്തിൽ 85 ലക്ഷം മുതൽ ഒരു കോടി രൂപ വരെ ലഭിക്കും.

പരിഷ്കരണങ്ങൾ ചെറുതല്ല: അടിസ്ഥാനസൗകര്യവികസനം, കുട്ടികളെക്കുറിച്ചുള്ള സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തിയ ഹോളിസ്റ്റിക് പ്രോഗ്രസ് കാർഡ്, ലൈബ്രറി ഗ്രാന്റ്, സ്പോർട്സ് ഗ്രാന്റ്, മാതൃഭാഷയ്ക്കു മുൻഗണന നല്കിയുള്ള പഠനരീതി, പ്രാദേശികവ്യവസായസ്ഥാപനങ്ങളിലും മറ്റും ഇന്റേൺഷിപ്പ്, പഠനത്തിന്റെ ഇടവേളകളിൽ ജോലി ചെയ്യാൻ അവസരം, നൈപുണ്യവികസനം തുടങ്ങിയവ പിഎം ശ്രീ സ്കൂളുകളിൽ നടപ്പാക്കും.

കേൾക്കാൻ സുഖമുള്ള ഇക്കാര്യങ്ങൾ കാലത്തിനൊത്ത പരിഷ്കരണമെന്നു തോന്നുമെങ്കിലും ബിജെപിയുടെ രാഷ്ട്രീയ അജണ്ട നടപ്പാക്കുക, വിദ്യാഭ്യാസക്കച്ചവടം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ് ഇതിനു പിന്നിലെ നിഗൂഢലക്ഷ്യങ്ങളെന്നു പ്രതിപക്ഷപാർട്ടികൾക്കൊപ്പം ഉറക്കെ പ്രഘോഷിച്ചിരുന്ന സിപിഎം ആരുമറിയാതെ രായ്ക്കുരാമാനം കേന്ദ്രവുമായി ചേർന്ന് ഇതിനോടു കൈകോർത്തതാണ് ഇപ്പോൾ പുതിയ വിവാദത്തിനു വഴിമരുന്നിട്ടതും മന്ത്രിസഭാചലനത്തിൽവരെ എത്തിനില്ക്കുന്നതും. എന്നാൽ, എൻഇപി വേറെ പിഎംശ്രീ വേറെ എന്നാണ് മന്ത്രി ശിവൻകുട്ടി പറയുന്നത്. എൻഇപി നടപ്പാക്കില്ലത്രേ. സമഗ്രശിക്ഷാകേരളം (എസ്എസ്കെ) വഴി ലഭിക്കേണ്ട 1100 കോടിയിലധികം രൂപ കേന്ദ്രം തടഞ്ഞുവച്ചിരിക്കുകയാണെന്നും ഈ സാമ്പത്തിക ഉപരോധം മറികടക്കാനുള്ള തന്ത്രപരമായ തീരുമാനം മാത്രമാണിതെന്നുമാണ് അദ്ദേഹത്തിന്റെ ഭാഷ്യം. കേന്ദ്രത്തിൽനിന്നു പണം ലഭിക്കാനുള്ള ഒരു അടവുനയമാണിതെന്ന് സിപിഎം കേന്ദ്രകമ്മിറ്റിയംഗം തോമസ് ഐസക്കും പറയുന്നു. എങ്കിൽപ്പിന്നെ മുന്നണിയിൽ ചർച്ച ചെയ്ത് ഒരു സമവായത്തിലെത്തി തീരുമാനമുണ്ടാക്കുകയായിരുന്നില്ലേ മുന്നണിമര്യാദയ്ക്കുചിതം എന്നതാണ് ഇവിടെ ഉയരുന്ന പ്രസക്തമായ ചോദ്യം. എന്തിന് ഇത്ര ധൃതിയിൽ ഈ ഒളിച്ചുകളി നടത്തി?

കേന്ദ്രത്തിൽനിന്നു കാശു മേടിച്ചെടുക്കാനുള്ള ചില്ലറ അടവമാത്രമാണിതെന്നും കേന്ദ്രത്തെ അനുസരിക്കാൻ സംസ്ഥാനത്തിനു ബാധ്യതയില്ലെന്നും ഇടതുനേതാക്കൾ വീമ്പുപറയുന്നതിൽ വല്ല കഴമ്പുമുണ്ടോ? പിഎം ശ്രീ പദ്ധതി നടപ്പാക്കുമ്പോൾ എൻസിഇആർടി സിലബസ് പിന്തുടർന്നില്ലെങ്കിൽപോലും കേരളം ശക്തമായി എതിർക്കുന്ന ഭാരതീയ വിജ്ഞാനസമ്പ്രദായം (ഇന്ത്യൻ നോളജ് സിസ്റ്റം – ഐകെഎസ്) സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടിവരുമെന്നാണ് പഠിച്ചവർ പറയുന്നത്. ‘നമ്മുടെ പാരമ്പര്യങ്ങളും ആചാരങ്ങളും ഭാരതീയ വിജ്ഞാനസമ്പ്രദായങ്ങളും പാഠ്യപദ്ധതിയുടെ അവിഭാജ്യഘടകമായിരിക്കണം’ എന്നു പിഎം ശ്രീ പദ്ധതിയുടെ വ്യവസ്ഥകളിൽ നിഷ്കർഷിച്ചിരിക്കുന്നു. ഇത്തരത്തിൽ ആർഎസ്എസ് ആശയങ്ങൾ പ്രചരിപ്പിക്കാൻ കേന്ദ്രം നടപ്പാക്കുന്നതാണ് ഐകെഎസ് എന്ന വിമർശനം നിലനിൽക്കെയാണ് കേരളത്തിൽ ഇതു പഠിപ്പിക്കാൻ വഴിയൊരുക്കുന്ന കേന്ദ്രപദ്ധതിക്ക് ഇടതുസർക്കാർ പച്ചക്കൊടി കാട്ടിയിരിക്കുന്നത്. ഇതിലൊന്നും പെടാതെ തമിഴ്നാടിനും ബംഗാളിനുമൊപ്പം മാറിനിന്ന കേരളത്തിനു പെട്ടെന്നുവന്ന ഈ മനംമാറ്റത്തെ സംശയിക്കണോ അതോ ഈ മാറ്റം നമ്മുടെ മക്കളുടെ വിദ്യാഭ്യാസക്ഷേമത്തിനുവേണ്ടി കേന്ദ്രത്തിൽനിന്നു ലഭിക്കേണ്ട ഫണ്ട് തട്ടും തടവുമില്ലാതെ ഒഴുകിയിറങ്ങുന്നതിനു സ്വീകരിച്ച ചെറിയ വിട്ടുവീഴ്ച മാത്രമാണിതെന്ന മന്ത്രിയുടെ വർത്തമാനത്തെ വിശ്വസിക്കണോ? എന്തായാലും, സിപിഎം ഉപേക്ഷിച്ച കടുംപിടിത്തമാണോ, അതിന്മേൽ സിപിഐ ഇപ്പോൾ മുറുക്കിയിരിക്കുന്ന കടുംപിടിത്തമാണോ ശരിയെന്നു കാലം തെളിയിക്കട്ടെ.

■




## ജപമാലയുടെ ശക്തി

ജോസ് വഴുതനപ്പിള്ളി ‘എന്തിനാണ് ജപമാല?’ എന്ന തലക്കെട്ടിൽ എഴുതിയ ലേഖനം (നാളം 34) ഹൃദ്യമായ ഒരനുഭവമായിരുന്നു. പതിവായി ഒരു ദിവസം മൂന്നുനേരമെങ്കിലും ജപമാല അർപ്പിക്കുന്ന ഒരാളാണു ഞാൻ. ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ വളരെ വാസ്തവമായി എനിക്കനുഭവപ്പെട്ടു. ജപമാലയിൽ ശരണപ്പെടുന്നവർക്ക് ഒരിക്കലും നിരാശപ്പെടേണ്ടിവന്നിട്ടില്ലെന്ന് അനേകരുടെ സാക്ഷ്യങ്ങളിലൂടെ ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

ജപമാല ഒരു വലിയ ശക്തിയാണ്. വെറുമൊരു അധരവ്യായാമമായി ജപമാലയെ സമീപിക്കുന്നവർക്ക് അതിൽനിന്ന് എന്തെങ്കിലും ലഭിക്കുമെന്നു ഞാൻ പറയില്ല. എന്നാൽ, ഓരോ ജപമണിയിലും അമ്മ മാതാവിനെയും അവിടുത്തെ തിരുക്കുമാരനെയും അനുസ്മരിച്ചുകൊണ്ട് ജപമാല ഉരുവിടുമ്പോൾ അദ്ഭുതങ്ങൾ സംഭവിക്കുന്നു. നിയോഗത്തോടെയുള്ള ജപമാലപ്രാർഥനയിലൂടെ അനേകർക്കു വലിയ വിടുതലുകൾ സംഭവിച്ചതിന് ഇതെഴുതുന്ന ആൾ സാക്ഷിയാണ്.

നമ്മുടെ ക്രൈസ്തവഭവനങ്ങളിൽ സന്ധ്യാനമസ്കാരത്തിലെ പ്രധാന പ്രാർഥനയാണല്ലോ ജപമാല. എന്നാൽ, ഇതിനെ എത്രത്തോളം ആത്മാർഥമായി ഉൾക്കൊണ്ടിട്ടുണ്ട് എന്നതിൽ സംശയമുണ്ട്. ഒരു ചടങ്ങുപോലെ അശ്രദ്ധമായി കൊന്ത ചൊല്ലി അവസാനിപ്പിക്കുകയാണു പലരും. അതിനാൽത്തന്നെ ജപമാലയുടെ ശക്തിയും അനുഭവവും അവിടെ വ്യാപരിക്കുന്നില്ല. യേശുവിന്റെ ജനനമരണോത്ഥാനസംഭവങ്ങളെയാണ് നാം ഓരോ രഹസ്യങ്ങളിലൂടെയും ധ്യാനിക്കുന്നത്. അതിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ജപമാല ചൊല്ലുമ്പോൾ അതൊരിക്കലും വിരസമാവുകയില്ല; മറിച്ച്, വലിയൊരു അനുഭവവും ആനന്ദവുമായിത്തീരുന്നു.

**ജൂബി ജോർജ് മുംബൈ**

## അമ്മയുടെ ദുഃഖം

ഫാ. തോമസ് പാട്ടത്തിൽചിറയുടെ കഥ ‘അമ്മ’ നന്നായിരുന്നു. കഥയിലെ ‘അമ്മ’ ഈ കാലഘട്ടത്തിന്റെ പ്രതീകമാണെന്നു പറയാം. മക്കൾ എത്രയുണ്ടെങ്കിലും അനാഥജന്മങ്ങളായിത്തീരുകയാണ് പല അമ്മമാരുടെയും അവസാനകാലം. മനുഷ്യന്റെ ധനാർത്തി വ്യക്തിബന്ധങ്ങളെ ഇല്ലാതാക്കിയിരിക്കുന്നു. അമ്മ മക്കൾക്ക് അധികപ്പറ്റാകുന്നു. പണവും പത്രാസുമായിക്കഴിയുന്ന മക്കളെ ചെറുപ്പത്തിൽ ദാരിദ്ര്യത്തിന്റെ പടുകുഴിയിൽനിന്നു കരകയറ്റിയത് സ്വന്തം അമ്മയുടെ വേർപ്പുതുള്ളികളാണെന്ന് അവർ ഓർക്കുന്നില്ല. അഥവാ ഓർക്കാൻ ഇഷ്ടപ്പെടുന്നില്ല. ആശയസംവേദനശക്തിയുള്ള ഈ കഥയുടെ ശില്പിക്ക് അനുമോദനങ്ങൾ! ഒപ്പം ദീപനാളത്തിനും.

**കെ. ജെ. മാത്തുക്കുട്ടി**
**മൂലമറ്റം**

## കാലഘട്ടത്തിന്റെ കഥാശില്പം

ദീപനാളത്തിൽ പ്രസിദ്ധീകരിച്ചുവരുന്ന ജോർജ് പുളിങ്കാടിന്റെ നോവൽ ‘മിഴിയിതൾപ്പൂക്കൾ’ ചടുലമായ ആഖ്യാനരീതികൊണ്ടും ഉദ്വേഗജനകമായ സംഭവപരിണാമങ്ങൾകൊണ്ടും മികച്ച നിലവാരം പുലർത്തുന്നു. വായനക്കാരിൽ വ്യാമോഹമുണർത്തുന്ന അവാസ്തവികകഥനങ്ങളോ തരംതാണ പ്രണയവർണനകളോ ഇല്ലാതെയും കഥ മെനയാമെന്നു നോവലിസ്റ്റ് ഇതിലൂടെ തെളിയിച്ചിരിക്കുകയാണ്. കാലഘട്ടത്തിനിണങ്ങുന്ന കഥാശില്പം തിരഞ്ഞെടുത്ത നോവലിസ്റ്റിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

**സോമി ജോസഫ്**
**വാകക്കാട്**

## ചരിത്രമുണർത്തുന്ന ലേഖനങ്ങൾ

ചരിത്രമുണർത്തുന്ന തോമസ് കുഴിഞ്ഞാലിയുടെ ലേഖനങ്ങൾ പതിവായി വായിക്കുന്നു. ആഗോളസംഭവികാസങ്ങളെ സൂക്ഷ്മമായി അവതരിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം ശ്ലാഘനീയമാണ്. ലേഖനത്തിലെ വസ്തുനിഷ്ഠമായ വിവരണങ്ങളും വിശകലനങ്ങളും വിശദീകരണങ്ങളും ഏറെ വിജ്ഞാനപ്രദമാണ്. യാതനകളും പീഡനങ്ങളും നിറഞ്ഞ യുദ്ധവിവരണങ്ങൾ മനുഷ്യസ്നേഹികളെ സംബന്ധിച്ച് ഹൃദയഭേദകമാണെങ്കിലും ആർക്കും യാഥാർഥ്യങ്ങളിൽനിന്ന് ഒളിച്ചോടാനോ മുഖം തിരിക്കാനോ ആവില്ലല്ലോ.

യുദ്ധവാർത്തകൾ മനുഷ്യന്റെ നിസ്സാരതയെ ഓർമപ്പെടുത്തുന്നു. തിന്മയുടെ തത്ത്വശാസ്ത്രം ഉയർത്തിപ്പിടിച്ചു വെല്ലുവിളിക്കുന്നവർക്കുമുമ്പിൽ സമാധാനകാംക്ഷികൾ പകച്ചുപോകുക സ്വാഭാവികം. അപ്പോഴും നാം മറന്നുപോകരുതാത്ത ഒരു കാര്യമുണ്ട്: ലോകമെമ്പാടുമുള്ള മനുഷ്യസ്നേഹികളായ അനേകായിരങ്ങളുടെ പ്രാർഥനകളാണ് ലോകത്തെ മുമ്പോട്ടുനയിക്കുന്നത്.

**റാണി സെബാസ്റ്റ്യൻ**
**ഇടപ്പള്ളി**

## വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ

ജോർജ് പുളിങ്കാടിന്റെ നോവൽ ‘മിഴിയിതൾപ്പൂക്കൾ’ ഓരോ അധ്യായത്തിലും നിലനിർത്തുന്ന ഉദ്വേഗജനകമായ അന്തരീക്ഷം അഭിനന്ദനീയമാണ്. ജീവസ്സുറ്റ കഥാപാത്രങ്ങൾ ഓരോരുത്തരും നാം സമൂഹത്തിൽ കണ്ടുമുട്ടുന്നവർതന്നെ. അതു വായനക്കാരെ നോവലിലേക്കു കൂടുതൽ അടുപ്പിക്കുന്നു. പാത്രസൃഷ്ടിയിലെ സൂക്ഷ്മനിരീക്ഷണമാണല്ലോ കഥയ്ക്കു ജീവൻ പകരുന്നത്. നായകകഥാപാത്രങ്ങൾക്കു മാത്രമല്ല, അപ്രധാനകഥാപാത്രങ്ങൾക്കുപോലും ചുരുങ്ങിയ വാക്കുകളിൽ വ്യക്തിത്വം പകരുന്നതിൽ നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു.

**ശ്രീലത ആർ.**
**ചുങ്കം**

നോവൽ 14



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

**ചോ**രപുരണ്ട വാക്കത്തിയുമായി ഗേറ്റുകടന്നു വന്ന ജോസ് പൊലീസ്സംഘത്തിന്റെ മുമ്പിലെത്തിനിന്നു.

അവന്റെ മുഖത്തെ വന്യഭാവം സബ് ഇൻസ്പെക്ടർ അജിത് കുമാറിനെയും മറ്റു പോലീസുകാരെയും പരിഭ്രാന്തരാക്കി. മനോരോഗിയാണ്. എന്തും ചെയ്യാൻ മടിക്കില്ല. കീഴ്പ്പെടുത്തണം എങ്ങനെയും.

ജോസ് വാക്കത്തി തറയിലേക്കിട്ടു. പിന്നെ അല്പംകൂടി മുമ്പോട്ടു നടന്നു.

"എന്റെ ജീനാമോളെ കൊല്ലിച്ചവനെ ഞാൻ വെട്ടിക്കൊന്നു. എന്നെ വിലങ്ങുവച്ച് അറസ്റ്റ് ചെയ്ത് സാറന്മാര് കൊണ്ടുപൊയ്ക്കോളൂ. ശിക്ഷിച്ചോളൂ. തൂക്കിക്കൊന്നോളൂ." പാലച്ചുവട്ടിൽ ജോസ് പറഞ്ഞു.

വാഹനത്തിൽ കൈവിലങ്ങെടുത്തിരുന്നില്ല. കോൺസ്റ്റബിൾ രാജേന്ദ്രൻ ജീപ്പിലുണ്ടായിരുന്ന ചണക്കയർ എടുത്തുകൊണ്ടുവന്നു. അതുകൊണ്ട് ജോസിന്റെ ഇരുകൈകളും കൂട്ടിക്കെട്ടി. പിന്നെ പൊലീസ് ജീപ്പിന്റെ പിറകിലേക്കു തള്ളിക്കയറ്റി. ഒരുപാടാളുകൾ അവിടെ തടിച്ചുകൂടിയിരുന്നു. ആൾക്കൂട്ടത്തിനു നടുവിലൂടെ ജീപ്പ് തിരികെ സ്റ്റേഷനിലേക്കു ചീറിപ്പാഞ്ഞു.

സബ്ഇൻസ്പെക്ടർ അജിതിന്റെ ഫോൺ ശബ്ദിച്ചു.

അദ്ദേഹം അതു പെട്ടെന്നെടുത്തു. സർക്കിൾ ഇൻസ്പെക്ടറായിരുന്നു ലൈനിൽ.

"ഹലോ അജിത്തേ."

"സർ."

"എന്താ അവിടുത്തെ സിറ്റ്വേഷൻ? അവനെ കീഴ്പ്പെടുത്തിയോ?"

"കീഴ്പ്പെടുത്തി. കൈകെട്ടി സ്റ്റേഷനിലേക്കു കൊണ്ടുവരികെയാ. ആ മാത്തുക്കുട്ടിയുടെ കാര്യം അറിഞ്ഞോ സാർ."

"അറിഞ്ഞു. സീരിയസ്സൊന്നുമല്ല. തോളിനൊരു വെട്ടേറ്റെന്നേയുള്ളൂ. പേടിക്കാനൊന്നുമില്ല."

"ഹൊ! നന്നായി. അയാളെങ്ങാൻ തട്ടിപ്പോയിരുന്നെങ്കിൽ നമ്മളും പ്രതിക്കൂട്ടിലായേനെ."

"അതൊന്നുമില്ല. തട്ടിപ്പോയാൽ തട്ടിപ്പോയി. അത്രതന്നെ. കോടതി പറയാതെ നമുക്കാർക്കും പ്രൊട്ടക്ഷൻ കൊടുക്കാൻ നിയമമില്ലല്ലോ."

"സാർ, ഇയാളുടെ കാര്യത്തിൽ എന്താ ഒരു തീരുമാനമെടുക്കുന്നത്? ലോക്കപ്പിലിട്ട് മുഴുവൻസമയവും കാവലേർപ്പെടുത്തേണ്ടി വരുമല്ലോ."

"ഒന്നുകിൽ അങ്ങനെ ചെയ്യാം. അല്ലെങ്കിൽ മെഡിക്കൽ കോളജിലെ മെന്റൽവിഭാഗത്തിൽ കൊണ്ടുചെന്നാക്കണം."

"ശരി സാർ."

സർക്കിൾ ഇൻസ്പെക്ടർ ഫോൺ കട്ടാക്കി.

* * * *


നഗരത്തിലെ പ്രധാന പ്രൈവറ്റ് ആശുപത്രിയിലേക്കാണ് മേടയ്ക്കൽ മാത്തുക്കുട്ടിയെ കൊണ്ടുപോയത്. ബംഗ്ലാവിന്റെ സിറ്റൗട്ടിൽ ഒരു സ്നേഹിതനുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോഴാണ് ഗേറ്റു കടന്ന് അലറിപ്പാഞ്ഞുവന്ന പാലച്ചുവട്ടിൽ ജോസ് അയാളെ വാക്കത്തിക്കു വെട്ടിയത്. കഴുത്തു ലക്ഷ്യമാക്കിയാണ് വെട്ടിയതെങ്കിലും കയ്യുരത്തിനാണ് വെട്ടേറ്റത്. സ്നേഹിതൻ ഓടിയകത്തു കയറി രക്ഷപ്പെട്ടു. വിപദിധൈര്യത്തോടെ ടിപ്പോയിൽനിന്നു കൈത്തോക്ക് കൈയിലെടുത്തപ്പോൾ പാലച്ചുവടൻ പേടിച്ച് ഇറങ്ങിയോടുകയായിരുന്നു. പപ്പായുടെ കരച്ചിലും ആക്രോശവും കേട്ട് അകത്തുനിന്നോടി വന്ന ഷേർലിയാണ് പൊലീസ്സ്റ്റേഷനിൽ വിവരമറിയിച്ചത്. ഹോസ്പിറ്റലിൽനിന്ന് ആംബുലൻസ് വരുത്തിയതും ഷേർലിയാണ്. ആഴത്തിൽ മുറിവും തോളെല്ലിനു പൊട്ടലും സംഭവിച്ച മാത്തുക്കുട്ടിയെ തീവ്രപരിചരണയൂണിറ്റിൽ പ്രവേശിപ്പിച്ചു. ഒന്നരമണിക്കൂർ കഴിഞ്ഞാണ് പ്രധാനഡോക്ടറായ സാം മാത്യു പുറത്തേക്കു വന്നത്. ഷേർലി ഉദ്വേഗത്തോടെ അദ്ദേഹത്തിന്റെയടുത്തെത്തി.

"ഡോക്ടർ പപ്പായ്ക്ക്."

ഡോക്ടർ സാം മാത്യു പുഞ്ചിരിച്ചു.

"പപ്പായ്ക്കും മകൾക്കും ഭാഗ്യമുണ്ട്. കഴുത്തോടു ചേർന്നായിരുന്നു ആദ്യത്തെ വെട്ട്. അതല്പം മാറിയിരുന്നെങ്കിൽ അപകടകരമായേനെ. സ്റ്റിച്ചിട്ടു. അസ്ഥിക്കു പൊട്ടലുണ്ട്. അതും വലിയ പ്രശ്നമൊന്നുമില്ല. മനോരോഗിയായ അയാളെ വളരെ സൂക്ഷിക്കണമായിരുന്നു. അങ്ങനെയുള്ളവർക്ക് ആരെയും എന്തും ചെയ്യാമല്ലോ?" ഡോക്ടർ പറഞ്ഞു.

"എന്തു ചെയ്യാനാണ് ഡോക്ടർ? ഞാൻ പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തതാണ്. കോർട്ട് ഓർഡറില്ലാതെ അവർ പ്രൊട്ടക്ഷൻ തരില്ല. അതിനുവേണ്ടിയുള്ള ശ്രമത്തിലായിരുന്നു." ഷേർലി പറഞ്ഞു.



"കൊടും ക്രിമിനലുകളെയും മനോരോഗികളെയും പേടിക്കണം. സൂക്ഷിക്കണം. അവര് എപ്പോൾ എങ്ങനെ റിയാക്ടു ചെയ്യുമെന്നു നിശ്ചയിക്കാനാവില്ല. ഇയാൾക്കു നിങ്ങളുമായി റിലേഷനുണ്ടല്ലോ?"

"എന്റെ സഹോദരന്റെ ഭാര്യയുടെ അപ്പനാണ്. അവൾ ദുരൂഹസാഹചര്യത്തിൽ മരിക്കുകയായിരുന്നു."

"ഓ... ജീനായുടെ അപ്പനാണല്ലേ ആക്രമിച്ചത്. വാർത്തകൾ മാധ്യമങ്ങളിൽ കണ്ടിരുന്നു."

"പപ്പയ്ക്ക് ഹോസ്പിറ്റലിൽ എത്രനാൾ കിടക്കേണ്ടി വരും ഡോക്ടർ?"

"നാലുദിവസം മതി. ആള് വല്ലാതെ ഭയപ്പെട്ടിട്ടുണ്ട്. നാളെ മുതൽ കൗൺസലിങ് കൂടി ഏർപ്പാടാക്കാം. ഇനിയിപ്പോൾ അയാളെ സ്വതന്ത്രമായി ഇറക്കിവിടുമെന്നു ഭയപ്പെടേണ്ട. വയലന്റാകുന്ന മനോരോഗികൾക്കുള്ള ഷെൽട്ടറിൽ കിടന്നു തീർന്നോളും." ഡോക്ടർ സാം മാത്യു പറഞ്ഞു.

പിറ്റേന്നു രാവിലെ ഒൻപതുമണിയായപ്പോൾ സബ്ഇൻസ്പെക്ടർ അജിത്കുമാറും റൈറ്ററും മറ്റൊരു പൊലീസുകാരനും മെഡിക്കൽ മിഷൻ ഹോസ്പിറ്റലിലെത്തി. എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രിമുറിയിലെ കസേരയിലിരുന്ന് പത്രം വായിക്കുകയായിരുന്നു മേടയ്ക്കൽ മാത്തുക്കുട്ടി. അടുത്തുകിടന്ന സോഫയിൽ ബൈസ്റ്റാൻഡറായി ഷേർലിയുമുണ്ടായിരുന്നു. ഇൻസ്പെക്ടറെ കണ്ട് എഴുന്നേൽക്കുകയോ കണ്ട ഭാവം നടിക്കുകയോ അവർ ചെയ്തില്ല.

"ഞങ്ങൾ എഫ്.ഐ.ആർ. തയ്യാറാക്കാൻ വന്നതാ. ഇന്നലെ നടന്ന സംഭവങ്ങൾ ഒന്നു പറയണം." എസ്.ഐ. അജിത്കുമാർ രണ്ടുപേരെയും നോക്കി.

രണ്ടുപേരും ഒന്നും പറഞ്ഞില്ല. കനത്ത മുഖത്തോടെ ഇരുന്നതേയുള്ളൂ.

"എന്താ ഒരു നിസ്സഹകരണം?"

"നിങ്ങളോട് ഒന്നും പറയാനില്ല. നിങ്ങളിൽനിന്നൊട്ടും നീതി പ്രതീക്ഷിക്കുന്നില്ല. ദ്രോഹം തുടർന്നോളൂ." മേടയ്ക്കൻ പറഞ്ഞു.

"ഞങ്ങളെന്തു ദ്രോഹം ചെയ്തെന്നാണ്?" അജിത്കുമാർ ചോദിച്ചു.

"ഈയവസ്ഥയിലിരിക്കുന്ന എന്നെക്കൊണ്ട് അതെല്ലാം പറയിക്കാൻ വന്നതാണോ? ആ ഭ്രാന്തനെ ഞാനാക്രമിച്ചെന്നു പറഞ്ഞ് എന്റെ പേരിൽ ഒരു കള്ളക്കേസുകൂടി എടുക്ക്. എന്നിട്ട് എന്നെ ലോക്കപ്പിലാക്കി ഇടിച്ചും തൊഴിച്ചും കൊല്ല്. പിന്നെ ബാത്ത്റൂമിൽ കെട്ടിത്തൂക്ക്. ജീനായെ കൊന്ന കേസിൽ പിടിക്കപ്പെടുമെന്നു കണ്ട് ആത്മഹത്യ ചെയ്തതാണെന്ന് ഒരു സ്റ്റോറിയുമുണ്ടാക്ക്." മാത്തുക്കുട്ടി പറഞ്ഞു.

"മാത്തുക്കുട്ടിച്ചേട്ടൻ വല്ലാതെ ഞങ്ങളെ തെറ്റിദ്ധരിച്ചിരിക്കുന്നു. സുരക്ഷാപ്രശ്നമുണ്ടെന്നു പറഞ്ഞ് അപേക്ഷ തന്നിരുന്നു. കോർട്ട് ഓർഡർ കിട്ടിയാലുടനെ ഞാനതേർപ്പാടാക്കുമായിരുന്നു. എല്ലാത്തിനും നിയമമുണ്ടല്ലോ. അതനുസരിച്ചല്ലേ ഞങ്ങൾക്കു പ്രവർത്തിക്കാൻ പറ്റുകയുള്ളൂ."

അതുകേട്ടപ്പോൾ മാത്തുക്കുട്ടി അല്പമൊന്നു തണുത്തു.

"സാറേ... ഞാനിപ്പോൾ ജീവനോടെ ഇങ്ങനെയിവിടെയിരിക്കുന്നത് ഒരു വലിയ അദ്ഭുതമാ. മോർച്ചറിയിൽ തണുത്തു മരച്ച് പോസ്റ്റുമോർട്ടം കാത്തു കിടക്കേണ്ട ശരീരമാ ഇത്. എനിക്കങ്ങനെയൊക്കെ വന്നുകൂടുന്നത് നിങ്ങടെയാരുടേം കുറ്റംകൊണ്ടാന്നും വിചാരിച്ചിട്ടില്ല. എന്റെ മകനു പറ്റിയ പിഴവാ. അവനുമനുഭവിക്കുന്നു. ഞാനുമനുഭവിക്കുന്നു. അപ്പുറത്തിരിക്കുന്ന എന്റെ പെണ്ണുമനുഭവിക്കുന്നു. എതിരാളികളും ശത്രുക്കളും മേടയ്ക്കന് ഒത്തിരിയുണ്ട്. ജീവനെടുക്കാനാഗ്രഹിക്കുന്നവരുമുണ്ട്. അങ്ങനെയുള്ളവരെ നേരിടാൻ ലൈസൻസുള്ള റിവോൾവറുമുണ്ട്. സ്വയരക്ഷയ്ക്ക് ആ വട്ടനു നേരേ അതെടുത്തൊന്നമർത്തിയാൽ പണി തീരുമായിരുന്നു."

"മാത്തുക്കുട്ടിച്ചേട്ടൻ, നടന്ന കാര്യങ്ങളൊക്കെയൊന്നു പറഞ്ഞു താ. ഞങ്ങൾക്കു ജോലി പൂർത്തിയാക്കേണ്ടേ?"

"മോളേ ഷേർലീ, പറഞ്ഞു കൊടുക്ക്. നടന്നതൊക്കെ നെനക്കറിയാമല്ലോ. എനിക്കൊരു ക്ഷീണം. ഒന്നു കിടക്കട്ടെ." അയാൾ ബഡ്ഡിൽ കയറി നിവർന്നുകിടന്നു.

സബ് ഇൻസ്പെക്ടർ ഷേർലിയുടെയടുത്തേക്കു ചെന്നപ്പോൾ അവളെഴുന്നേറ്റു. തലേദിവസം നടന്ന സംഭവങ്ങളോരോന്നും ചുരുക്കമായി വിവരിച്ചു. റൈറ്റർ എല്ലാം അതിവേഗം കുറിച്ചെടുക്കുകയും ചെയ്തു.

"ഷേർലി മേഡം, ഇനിയൊരിക്കലും സെല്ലിൽനിന്നു പുറത്തിറങ്ങാത്തവിധത്തിൽ പാലച്ചുവട്ടിൽ ജോസിനെ നമുക്കു പൂട്ടാം. അയാളിറങ്ങി നടന്നാൽ ഒരു ദിവസംപോലും നിങ്ങൾക്കു സമാധാനത്തോടെ ജീവിക്കാൻ കഴിയില്ല. എല്ലാ മനോരോഗാശുപത്രികളിലും വയലന്റ് നേച്ചറുള്ളവരെ ഇടാൻ പ്രത്യേകസെല്ലുകളുണ്ട്. ജോസ് അതിലെവിടെയെങ്കിലും കിടന്ന് അവസാനിക്കും." സബ്ഇൻസ്പെക്ടർ പറഞ്ഞു.

മൊഴിപ്പകർപ്പിന്റെ ഒടുവിൽ ഷേർലി പേരും അഡ്രസും എഴുതി ഒപ്പിട്ടു കൊടുത്തു. പൊലീസുദ്യോഗസ്ഥർ യാത്ര പറഞ്ഞു പോയി.

"ഷേർലീ... മോളെ." മുമ്പൊരിക്കലും പ്രകടിപ്പിക്കാത്ത വാത്സല്യത്തോടെ മാത്തുക്കുട്ടി വിളിച്ചു.

"പപ്പാ..." അവൾ സോഫയിൽ നിന്നെഴുന്നേറ്റ് അടുത്തേക്കു ചെന്നു.

സങ്കടഭാവത്തോടെ മാത്തുക്കുട്ടി മകളെ നോക്കി.

"ഒരു പിശാചിനെപ്പോലെ കൈയിൽ വാക്കത്തിയുമായി അവൻ പാഞ്ഞടുത്തപ്പോൾ ഞാൻ മരണത്തെ തൊട്ടുമുന്നിൽ കണ്ടു."

"അത് എപ്പഴും ഇങ്ങനെ ഓർക്കണ്ട.... പറയണ്ട... മറക്കാൻ നോക്ക്." ഷേർലി പറഞ്ഞു.

"ങാ... പോലീസിനെ കുറ്റപ്പെടുത്തി പറയണ്ടായിരുന്നു. അവരെന്തു പിഴച്ചു? എല്ലാം വരുത്തിവച്ചത് അവനാണ്... എന്റെ മകൻ."

"അവന്റെയവസ്ഥയെപ്പറ്റിക്കൂടെ പപ്പായൊന്നു ചിന്തിച്ചേ? ഒത്തിരി സ്നേഹിച്ച്... മോഹിച്ച് അവനവളെ കെട്ടിയതല്ലേ? വെറും എട്ടുമാസമല്ലേ അവരൊന്നിച്ചു ജീവിച്ചുള്ളൂ."

"എല്ലാം... സ്വയം വരുത്തിവച്ചതല്ലേടീ?"

ഷേർലി അതിനു മറുപടി പറഞ്ഞില്ല. അവൾ ചിന്താധീനയായി നിന്നതേയുള്ളൂ.

അപ്പോൾ റൂമിന്റെ വാതിൽ മെല്ലെ തുറന്ന് റോണി പപ്പായുടെയടുത്തേക്കു വന്നു. വല്ലാത്ത ഒരു മുഖഭാവമായിരുന്നു അവന്റേത്. ഒട്ടും ഇഷ്ടപ്പെടാത്ത മട്ടിൽ മാത്തുക്കുട്ടി മുഖം തിരിച്ച് ചെരിഞ്ഞുകിടന്നു.

(തുടരും)



**വചനനാളം**

**നവംബർ 9**
**പള്ളിക്കൂദാശക്കാലം**
**രണ്ടാം ഞായർ**

**പുറ 40:1–16**
**1 രാജാ 8:22–29**
**ഹെബ്രാ 8:1–6**
**മത്താ 12:1–13**



# ദൈവാലയത്തെക്കാൾ മഹത്ത്വമുള്ളവൻ



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**

**പ**ള്ളിക്കൂദാശക്കാലം രണ്ടാം ഞായറാഴ്ച പ്രഘോഷിക്കപ്പെടുന്ന ദൈവവചനഭാഗളെല്ലാം ദൈവാലയത്തെയും അതിന്റെ പ്രതിഷ്ഠയെയും ലക്ഷ്യത്തെയും സംബന്ധിച്ചുള്ളതാണ്. ഒന്നാമത്തേത് പുറപ്പാടുപുസ്തകം 40–ാം അധ്യായത്തിൽനിന്നുള്ളതാണ്.

തനിക്കു ജനത്തിന്റെകൂടെ വസിക്കുന്നതിനു നിർമിക്കപ്പെട്ട ആലയവും പേടകവും എപ്രകാരം ക്രമീകരിക്കപ്പെടണമെന്നും അഭിഷേചിച്ച് വിശുദ്ധീകരിക്കണമെന്നും ദൈവം മൂശയോടു നിർദേശിക്കുന്നതും മൂശ കർത്താവിന്റെ നിർദേശമനുസരിച്ച് അവ സ്ഥാപിക്കുന്നതും വിശുദ്ധീകരിക്കുന്നതുമാണ് പ്രതിപാദ്യം. മൂശ കർത്താവിന്റെ ഹിതമനുസരിച്ച് അവിടുത്തേക്ക് ഒരു ആലയം നിർമിച്ച് പ്രതിഷ്ഠിക്കുന്നു. ദൈവാലയങ്ങൾ നിർമിക്കപ്പെടേണ്ടത് കർത്താവിന്റെ ഹിതമനുസരിച്ചായിരിക്കണമെന്നു തിരുവചനം ഓർമിപ്പിക്കുന്നു.

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽനിന്നുമുള്ള രണ്ടാം പ്രഘോഷണം സോളമൻരാജാവ് ദൈവാലയം നിർമിച്ച് സമർപ്പിച്ചതിനു ശേഷം നടത്തുന്ന പ്രാർഥനയുടെ ഭാഗമാണ്. കർത്താവിന്റെ നാമം വഹിക്കുന്ന ആലയത്തിന്മേൽ അവിടുത്തെ കൃപാകടാക്ഷം രാപകൽ ഉണ്ടായിരിക്കണമെന്നും അവിടുത്തെ ദാസന്റെ പ്രാർഥനകളും യാചനകളും ശ്രവിക്കണമെന്നും സോളമൻ അപേക്ഷിക്കുന്നു. ദൈവസന്നിധിയിലേക്കു കരങ്ങളുയർത്താനുള്ള സ്ഥലമാണ് ദൈവാലയമെന്ന് സോളമൻ ഓർമപ്പെടുത്തുന്നു.

സുവിശേഷഭാഗത്തു കാണുന്നത് ദൈവാലയത്തേക്കാൾ ശ്രേഷ്ഠനും സാബത്തിന്റെ അധീശനനുമായ ഈശോയുടെ വാക്കും പ്രവൃത്തിയുമാണ്. സാബത്തിൽ ഈശോയുടെ ശിഷ്യന്മാർ നിഷിദ്ധമായ പ്രവൃത്തി ചെയ്യുന്നു എന്നാരോപിച്ചുകൊണ്ട് ഈശോയെ സമീപിച്ച ഫരിസയരോട്, ദൈവാലയത്തിൽ ദാവീദും അനുചരന്മാരും പ്രവേശിച്ച് അവർക്കു നിഷിദ്ധമായിരുന്ന അപ്പം ഭക്ഷിച്ചതും (1 സാമു. 21:1–6) ദൈവാലയത്തിലെ പുരോഹിതർ സാബത്തിലും ജോലി ചെയ്യുന്നുവെങ്കിലും (ലേവ്യ. 24:5–9; സംഖ്യ. 28:9,10) കുറ്റവിമുക്തരാക്കപ്പെടുന്നതും പരാമർശിച്ചുകൊണ്ട് മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണെന്നും ദൈവാലയത്തെക്കാൾ വലിയവനാണെന്നും വ്യക്തമാക്കുന്നു. ദൈവാലയശുശ്രൂഷയുടെ

> **ദൈവാലയശുശ്രൂഷയുടെ ഔന്നത്യം സാബത്തുനിയമത്തെ മറികടക്കുന്നതിന് പര്യാപ്തമായിരുന്നതുപോലെ മിശിഹായുടെ സാന്നിധ്യം ശ്ലീഹന്മാരുടെ പ്രവൃത്തികളെ ന്യായീകരിക്കുന്നുവെന്നു തിരുവചനം പറയുന്നു. കാരണം അവിടുന്ന് ദൈവാലയത്തെക്കാൾ മഹത്ത്വമുള്ളവനാണ്.**

ഔന്നത്യം സാബത്തുനിയമത്തെ മറികടക്കുന്നതിനു പര്യാപ്തമായിരുന്നതുപോലെ മിശിഹായുടെ സാന്നിധ്യം ശ്ലീഹന്മാരുടെ പ്രവൃത്തികളെ ന്യായീകരിക്കുന്നുവെന്നു തിരുവചനം പറയുന്നു. കാരണം അവിടുന്ന് ദൈവാലയത്തെക്കാൾ മഹത്ത്വമുള്ളവനാണ്. സാബത്തിൽ നന്മചെയ്യുന്നത് അനുവദനീയമാണെന്നതു വ്യക്തമാക്കി കൈ ശോഷിച്ച ഒരു മനുഷ്യനെ സാബത്തിൽ സിനഗോഗിൽവച്ച് സുഖപ്പെടുത്തിക്കൊണ്ട് സാബത്ത് നന്മ ചെയ്യുന്നതിനുള്ളതാണെന്ന് ഈശോ പഠിപ്പിക്കുന്നു. സാബത്ത് നന്മ ചെയ്യുന്നതിനുള്ളതാണ്; ജീവൻ സംരക്ഷിക്കുന്നതിനുള്ളതാണ്. സാബത്ത് യഥാർഥത്തിൽ ദൈവസാന്നിധ്യത്തിലായിരിക്കുന്നതാണ്, ദൈവൈക്യത്തിൽ ആയിരിക്കുന്നതാണ്.

ഈ ഭൂമിയിലെ ദൈവാലയങ്ങളും സിംഹാസനങ്ങളുമെല്ലാം സ്വർഗത്തിന്റെ പ്രതിരൂപം മാത്രമാണെന്നും സ്വർഗീയസ്ഥലത്തിന്റെ സാദൃശ്യവും മാതൃകയുമാണ് ഭൗമികദൈവാലയങ്ങളും സിംഹാസനങ്ങളുമെല്ലാമെന്നു വചനം നമ്മോടു പറയുന്നു. മിശിഹാ നിത്യതയിൽ അർപ്പിച്ച ഏകബലിയാണ് കാൽവരിയിൽ യാഥാർഥ്യമാക്കപ്പെട്ടതും ഇന്നും ദൈവാലയങ്ങളിലെ അൾത്താരകളിൽ അർപ്പിക്കപ്പെടുന്നതും. മിശിഹായുടെ കുരിശുമരണോത്ഥാനത്തിലൂടെ മനുഷ്യകുലത്തെ വീണ്ടെടുക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തു. മനുഷ്യകുലത്തിന്റെ വീണ്ടെടുപ്പും ദൈവപിതാവിന്റെ മുമ്പിലുള്ള മിശിഹായുടെ സമർപ്പണവുമാണ് പള്ളിക്കൂദാശക്കാലത്ത് പ്രത്യേകം അനുസ്മരിക്കുന്നത്. മിശിഹായുടെ എന്നന്നേക്കുമുള്ള ഏകബലിയിൽ പങ്കാളികളാകുകയാണ് ഭൗമികമായ ദൈവാലയങ്ങളിൽ അർപ്പിക്കപ്പെടുന്ന ബലിയർപ്പണങ്ങളിലൂടെ. മിശിഹാ നിത്യതയിൽ അർപ്പിക്കുന്ന ഏകബലിയിൽത്തന്നെ നാം പങ്കാളികളാവുകയാണ് ചെയ്യുന്നത്. സാബത്താചരണങ്ങളെല്ലാം മിശിഹായോടൊത്തു നിത്യതയിൽ ദൈവപിതാവിന്റെ പക്കൽ ആയിരിക്കുന്നതിന്റെ പ്രതിരൂപംതന്നെയാണ്. പുതിയനിയമത്തിൽ സാബത്ത് മിശിഹായോടൊത്ത് ആയിരിക്കുന്നതാണ്. അവിടുത്തെ ബലിയിൽ പങ്കാളികളാകുന്നതാണ്. ■




## ഏകാന്തതകൊണ്ട് കൂടാരം തീർത്തവൾ

### ദൈവദാസി കൊളേത്താമ്മയുടെ ജീവിതവും ആധ്യാത്മികതയും

**വിനായക് നിർമൽ**




മൗനം ആത്മീയതയാണെന്നും ഏകാന്തത ദൈവത്തോടൊത്തുള്ള വാസമാണെന്നും തിരിച്ചറിയുകയും ലോകത്തിനു കാണിച്ചുകൊടുക്കുകയും ചെയ്ത ഒരു കന്യാസ്ത്രീയുടെ അസാധാരണമായ സന്ന്യാസജീവിതം അനാവരണം ചെയ്യുന്ന കൃതി. **പ്രസാധനം: പ്രൊവിൻഷ്യൽ സുപ്പീരിയർ, അൽഫോൻസാ ജ്യോതി പ്രോവിൻസ് ഭരണങ്ങാനം. വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 150.

## വിജനകൂടാരത്തിൽ

### ഹൃദ്യതയോടെ...


**ഡോ. തോമസ് പാറയ്ക്കൽ**




ദൈവദാസി കൊളേത്താമ്മയുടെ വിജനകൂടാരവാസനാളുകളെ വിശുദ്ധ ഗ്രന്ഥത്തിന്റെയും കത്തോലിക്കാസഭയുടെ മിസ്റ്റിക്ദർശനത്തിന്റെയും സഹായത്തോടെ സമീപിക്കുന്ന ഒരു സവിശേഷഗ്രന്ഥം. **പ്രസാധനം: പ്രൊവിൻഷ്യൽ സുപ്പീരിയർ, അൽഫോൻസാ ജ്യോതി പ്രോവിൻസ് ഭരണങ്ങാനം. വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 150.

## വിശുദ്ധ കുർബാന സ്വർഗത്തിലേക്കുള്ള എന്റെ ഹൈവേ

**നിക്കോള ഗോറി**




ദിവ്യകാരുണ്യഭക്തനായിരുന്ന കാർളോ എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുത്തു. കാർളോയുടെ ജീവിതത്തെക്കുറിച്ച് സമഗ്രമായ അന്വേഷണവും ഗവേഷണവും ഗ്രന്ഥകർത്താവു നടത്തിയിരിക്കുന്നു. കാർളോയെ അടുത്തറിഞ്ഞവരുടെ സാക്ഷ്യങ്ങൾ നിറഞ്ഞ പുസ്തകം. **പ്രസാധനം: സെന്റ് പോൾസ്, എറണാകുളം. വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ. വില:** ₹ 150.

ബാലനോവൽ 8

# പൊന്നിവനത്തിലെ കഴുത



നിഥിൻകുമാർ ജെ.

അത്രയും ചിന്തിച്ചതിനു ശേഷം ഒരു നായയുടെ മുഖത്തേക്കു നോക്കിക്കൊണ്ട് ഡോസി പറഞ്ഞു.

"അയ്യോ ക്ഷമിക്കണേ. ഞാനാണ് പുതിയ സഹായി. പെട്ടെന്നു ചോദിച്ചപ്പോൾ മറന്നുപോയതാണ്. വന്നതിന്റെ ക്ഷീണം മാറാൻവേണ്ടി വിശ്രമിക്കുകയാണ്."

"ഓഹോ. ഇത് ആദ്യമേ പറയണം. ഞങ്ങളെക്കൊണ്ട് വെറുതെ കുരപ്പിക്കരുത്."

''അയ്യോ ശരിക്കും ഞാൻ മറന്നുപോയതാണ്. നിങ്ങളാണ് ഈ വീട് നോക്കുന്നതെന്ന് യജമാൻ പലതവണ പറഞ്ഞിട്ടുണ്ട്."

ആ പറഞ്ഞതു കേട്ടതും നായകൾ രണ്ടും പരസ്പരം അഭിമാനത്തോടെ നോക്കി.

"ഈ വീട് മാത്രമല്ല. യജമാനനെയും ഞങ്ങൾതന്നെയാണ് നോക്കുന്നത്."

"അതും പറഞ്ഞിട്ടുണ്ട്." കഴുത പറഞ്ഞു.

അഭിമാനംകൊണ്ട് നിറഞ്ഞുനിന്ന നായകൾക്ക് തുള്ളിച്ചാടാൻ തോന്നി. പക്ഷേ, അതൊന്നും പ്രകടിപ്പിക്കാതെ നായ പറഞ്ഞു:

"ശരി ശരി. അതൊക്കെ ഇരിക്കട്ടെ. എന്റെ പേര് കൈസർ, ഇവൻ ജിമ്മി. നിനക്ക് എന്തെങ്കിലും ആവശ്യം ഉണ്ടേൽ പറയാൻ മടിക്കണ്ട." നായകൾ അത്രയും പറഞ്ഞിട്ട് ഗമയിൽ മുന്നോട്ടു നടന്നുപോകുന്നതും നോക്കി ഡോസി നിന്നു. കറുത്ത രോമങ്ങൾ നിറഞ്ഞുനിൽക്കുന്നതു കാണുമ്പോൾത്തന്നെ പേടി തോന്നുന്ന രണ്ടു നായകൾ. ഇവരെ സൂക്ഷിക്കണം. ഡോസി മനസ്സിലോർത്തു. ഡോസിയുടെ മനസ്സിൽ പല ചിന്തകളും വന്നു നിറഞ്ഞു. ചിലപ്പോൾ പെട്ടെന്നു തനിക്ക് തോന്നുന്ന ഭയത്തെപ്പറ്റിയായിരുന്നു ഡോസി കൂടുതലും ചിന്തിച്ചത്. അവൻ മനസ്സിൽ ഉറപ്പിച്ചു.

"ഞാനൊരു വലിയ ലക്ഷ്യത്തിനായി വന്നതാണ്. ഒരു വലിയ സ്വപ്നം നേടുന്നതിനായി ഗ്രാമത്തിൽ വന്നതാണ്. ഇനി എന്തു സംഭവിച്ചാലും ഞാൻ പേടിച്ചു പിന്നോട്ടുപോകില്ല. പൊന്നിവനത്തിലെ ഓരോ ജീവികളും എന്നെ വാഴ്ത്തിപ്പാടും." അവന്റെ തീരുമാനം ശക്തമായിരുന്നു.

''ഇവിടെനിന്നു പുറത്തു പോകണം. ജിമ്മിയെയും കൈസറിനെയും ഇണക്കിനിർത്തിയാൽ ചിലപ്പോൾ ഒരു വഴി കിട്ടും. പക്ഷേ, അവരെ എങ്ങനെ കൂടെ നിർത്തും? രണ്ടു പേരും നല്ല പൊങ്ങച്ചക്കാരാണ്. അതുതന്നെ മാർഗം. ഡോസി നായകൾ വരുന്നതും നോക്കി കൂടിന്റെ പുറത്തേക്കു തലയിട്ടു നിന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ വീടിനെ വലംവച്ചു കൊണ്ട് രണ്ടു നായകളും കൂടിന്റെ അടുത്തേക്കു വന്നു.




"ഹേയ്... നീ എന്തുചെയ്യുകയാണ്?" കൈസർ ചോദിച്ചു.

"ഒന്നും ഇല്ല..."

നായകൾ കൂടിന്റെ അടുത്തേക്കു നീങ്ങി നിന്നു.

''ഇവരെ എതിർത്തുനിൽക്കുന്നതു മണ്ടത്തരമാണ്. വിനയത്തോടെ നിന്നു നോക്കാം."

ഡോസി ചിന്തിച്ചുകൊണ്ടു നിന്നപ്പോൾ ജിമ്മി ചോദിച്ചു:

"നീ എന്താണ് ആലോചിക്കുന്നത്?"

"അത് യജമാനേ, എനിക്കു നന്നായി വിശക്കുന്നു."

ഡോസി പറഞ്ഞതു കേട്ടതും ജിമ്മി കൈസറിന്റെ അടുത്തായി പതിയെ എന്തോ പറയുന്നു. ഡോസി അതു ശ്രദ്ധിക്കാൻ തുടങ്ങി.

"ഈ കഴുത നമ്മളെയാണോ യജമാൻ എന്നു വിളിച്ചത്?"

''അതേന്നു തോന്നുന്നു. എന്തായാലും കേൾക്കാൻ നല്ല രസമുണ്ട്." കൈസർ സന്തോഷത്തോടെ പറഞ്ഞു. ഡോസി ഇതെല്ലാം ശ്രദ്ധയോടെ കേട്ടു.

"ഓഹോ. ഇതാണ് ഇവരെ കൂടെ ഇണക്കിനിർത്താനുള്ള നല്ല വഴി." വളരെ സന്തോഷത്തിൽ കഴുത എഴുന്നേറ്റുനിന്നുകൊണ്ട് വീണ്ടും പറഞ്ഞു:

"യജമാൻ... എനിക്കു നന്നായി വിശക്കുന്നുണ്ട്. രാവിലെ മുതൽ ഒന്നും തിന്നിട്ടില്ല."

"നീ വിഷമിക്കണ്ട.. എന്താ നിന്റെ പേര്?"

"ഡോസി."

"ശരി ഡോസി. നീ ഇരിക്ക്. നിനക്കു വേണ്ടത് ഞങ്ങൾ ഇപ്പോൾ കൊണ്ടു തരാം."

നായകളുടെ മറുപടി കേട്ടപ്പോൾ കഴുതയ്ക്ക് ഒരുപാട് സന്തോഷംതോന്നി. ഇതു തന്നെയാണ് ഇപ്പോൾ തനിക്കും വേണ്ടത്. ഇവിടെനിന്നു പുറത്തു പോകാൻ ആരോഗ്യം വേണം. ആരോഗ്യം ഇല്ലാതെ രക്ഷപ്പെടാനും പറ്റില്ല. രക്ഷപ്പെട്ടാലും പൊന്നിവനം വരെ എത്താനും കഴിയില്ല. അല്പം കഴിഞ്ഞപ്പോൾ ജിമ്മി ഒരു വെള്ളരിക്കയും കൈസർ ഒരു മത്തങ്ങയും കൊണ്ട് വേഗത്തിൽ വരുന്നത് ഡോസി കണ്ടു. വെള്ളരിക്കയും മത്തങ്ങയും കണ്ടപ്പോൾ അവന്റെ വായിൽ വെള്ളം നിറഞ്ഞു. കിട്ടിയ ഉടനെ ആർത്തിയോടെ രണ്ടും ഡോസി വേഗത്തിൽ തിന്നു. ശരിക്കും ഡോസിക്കു നല്ല വിശപ്പുണ്ടായിരുന്നു. കഴിഞ്ഞദിവസം മുതൽ ഒന്നും കഴിച്ചിരുന്നില്ല.

''നന്ദിയുണ്ട് യജമാൻ.'' വെള്ളരിക്ക കഴിക്കുന്നതിന്റെ ഇടയിൽ ഡോസി പറഞ്ഞു.

അതു കേട്ടതും നായകൾ കൂടുതൽ ആവേശത്തിലായി.

"നിനക്കു വിശപ്പു മാറിയോ ഡോസി."

"കുറച്ചുകൂടിയുണ്ട്."

"ആണോ എങ്കിൽ നിൽക്ക്. ഞങ്ങൾ ഇപ്പോൾ വരാം." അവർ തിരികെനടക്കുമ്പോൾ തമ്മിൽ സംസാരിക്കുന്നത് ഡോസി കേട്ടു.

"നമ്മൾ ഒരു സംഭവം തന്നെ" അതുകേട്ടതും ഉറക്കെ ചിരിക്കാനാണ് കഴുതയ്ക്കു തോന്നിയത്. പക്ഷേ, ശബ്ദമുണ്ടാക്കാതെ ഡോസി കാത്തിരുന്നു. (തുടരും)

---

## ശ്രേഷ്ഠമലയാളം

# ദേഹണ്ഡം



ഡോ. ഡേവിസ് സേവ്യർ

ശരീരാധ്വാനം എന്ന അർഥത്തിൽ പ്രസിദ്ധമായ വാക്കാണ് ദേഹണ്ഡം. ദേഹം ദണ്ഡപ്പെടുന്ന (പ്രയാസപ്പെടുന്ന) തരത്തിൽ ചെയ്യുന്ന ജോലിയെല്ലാം ദേഹണ്ഡമാകും. ദേഹ+ദണ്ഡം എന്ന പിരിച്ചെഴുത്തുരൂപം സന്ധി ചെയ്യുമ്പോൾ, ഉത്തരപദാദിയിലെ ദകാരം ലോപിച്ച് ദേഹണ്ഡം എന്ന സമസ്തപദം ഉണ്ടാകുന്നു. ദേഹപ്രയത്നം, അടുക്കളജോലി, വയ്പുജോലി, പാചകവൃത്തി (ജോലി) എന്നെല്ലാമുള്ള വിവക്ഷിതങ്ങൾ ആ പദത്തിനുണ്ട്.

ബ്രാഹ്മണരായ പാചകക്കാർ ചെയ്യുന്ന ജോലി എന്ന നിലയിലായിരുന്നു ദേഹണ്ഡത്തിന് ഒരു കാലത്തു പ്രസിദ്ധി. ഭാഷാപരമായ ഏതു മാറ്റവും ആദ്യം വാമൊഴിയിലാണു സംഭവിക്കുന്നത്. ക്രമേണ അത് എഴുത്തിലേക്കു കടക്കും. ദേഹദണ്ഡം ആദ്യം ദേഹണ്ഡവും പിന്നീട് ദേഹണ്ണവുമായി. ഈ പരിണാമത്തെ ദേഹദണ്ഡം → ദേഹണ്ഡം → ദേഹണ്ണം എന്നിങ്ങനെ അടയാളപ്പെടുത്താം. ദേഹണ്ഡിക്കുന്നവർ അങ്ങനെ ദേഹണ്ഡക്കാരോ ദേഹണ്ണക്കാരോ ആകുന്നു. ദേഹണ്ഡത്തിന്റെ തദ്ഭവമായി ദേഹണ്ണത്തെ കണക്കാക്കുന്നതിൽ തെറ്റില്ല.

ദേഹണ്ഡം, ദേഹണ്ണമാവുന്നതിന്റെ പിന്നിൽ ഒരു വ്യാകരണതത്ത്വം ഒളിഞ്ഞിരിപ്പുണ്ട്. അതെന്താണെന്നു നോക്കാം. അനുനാസികമായ ണകാരവും മൃദുവായ ഡകാരവും ചേർന്നതാണ് ണ്ഡ എന്ന കൂട്ടക്ഷരം. ണയ്ക്കുശേഷം ഡ വന്നപ്പോൾ ണകാരം ഡകാരത്തെക്കൂടി ണകാരമാക്കി (ണ്ഡ-ണ്ണ). അനുനാസികാതിപ്രസരത്തിനു സമാനമായ പ്രവണതയെന്ന് ഇതിനെ വിശേഷിപ്പിക്കാം. ഖരത്തിനു പകരം മൃദു വന്നു എന്ന ഭേദം ശ്രദ്ധിക്കേണ്ടതുണ്ട്. "അനുനാസികമായ ണയും മൃദുവായ ഡയും ചേർന്നപ്പോൾ ണ കടന്നുകയറി ഡയെ നിശ്ശബ്ദമാക്കി. 'അനുനാസികാതിപ്രസരം' എന്നതിനെ കേരളപാണിനി വിളിച്ചു.''[1] എന്ന കുളത്തൂർ കൃഷ്ണൻനായരുടെ നിരീക്ഷണം പഠനാർഹമാണ്. ഡ-ണ ആകുന്ന പ്രവണത സാർവത്രികമല്ല. മണ്ഡോദരി-മണ്ണോദരി ആവുന്നില്ലല്ലോ. ആയതിനാൽ ഈ മാറ്റത്തെ ഐച്ഛികം എന്നേ പറയാനാവൂ.

1. കൃഷ്ണൻനായർ, കുളത്തൂർ, പ്രൊഫ. തെറ്റരുത് മലയാളം, മനോരമ ബുക്സ്, കോട്ടയം, 2003, പുറം-107.

---

കവിത

ഷിബു കൈതയ്ക്കൽ

# മണ്ണ്



അനാദികാലം മുമ്പേ മനുജൻ
അറിവുകൾ നേടും മുമ്പേ
അഭേദ്യമായൊരു
പൊക്കിൾക്കൊടിയുടെ
ബന്ധം തീർത്തു മണ്ണിൽ.
കാട്ടിൽ പ്രാകൃതജീവിതഭൂവിൽ
നട്ടു നനച്ചു വളർത്തി
സംസ്കാരത്തിൻ വിത്തുകൾക്കൊപ്പം
ജീവാമൃതമാം കൃഷിയും.
മണ്ണിനെയറിയാത്തവരെ പോറ്റാൻ
മണ്ണിലിറങ്ങി മനുഷ്യൻ
ഓരോ കാലടി മണ്ണിൽ പതിയെ
പുളകംകൊണ്ടു നിറഞ്ഞു.
മണ്ണിൻ സ്വത്വമറിഞ്ഞു നമിച്ചു
പതിരില്ലാത്തവർ പണ്ട്
ഒടുവിലലിഞ്ഞീ മണ്ണായ് മാറും
ജീവിതമല്ലേ ഭൂവിൽ.



# ജൂബിലിപ്രസംഗത്തിലെ മൗനത്തിന്റെ രാഷ്ട്രീയം

നേർമൊഴി

ഫാ. മാത്യു ചന്ദ്രൻകുന്നേൽ

**പാ**ലാ സെന്റ് തോമസ് കോളജിന്റെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾ സമംഗളം പര്യവസാനിച്ചു. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെയും ഗവർണർ രാജേന്ദ്രവിശ്വനാഥ് അർലേക്കറുടെയും മഹനീയസാന്നിധ്യം ചടങ്ങിനെ പ്രൗഢഗംഭീരമാക്കി. വിദ്യാർഥികളും അധ്യാപകരും അലുമിനികളും പ്രത്യേക ക്ഷണിതാക്കളുമടക്കം 850 തോളം പേരാണ് ഒത്തുചേർന്നത്. 40 മിനിട്ടു നീണ്ടുനിന്ന ചടങ്ങിന് ഏകദേശം അരമണിക്കൂർമുമ്പുതന്നെ രാഷ്ട്രപതി വേദിയിലെത്തി. പ്രതികൂലമായ കാലാവസ്ഥയാണ് സമയമാറ്റത്തിനു കാരണം.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞ പ്രസംഗമായിരുന്നു രാഷ്ട്രപതിയുടേത്. കേരളത്തിന്റെ വികസനത്തിന് അടിസ്ഥാനം അറിവിന്റെ മൂലധനമാണെന്നു രാഷ്ട്രപതി നിരീക്ഷിച്ചു. അറിവിന്റെ വെളിച്ചം പരത്തിയ വിളക്കുമരമെന്ന ശ്രേഷ്ഠപദവിയാണ് സെന്റ് തോമസ് കോളജിനെ വേർതിരിച്ചുനിറുത്തുന്നത്. ശതാബ്ദിയിലേക്കു ദ്രുതഗതിയിൽ സഞ്ചരിക്കാൻ പ്ലാറ്റിനം ജൂബിലിയാഘോഷം സഹായിക്കട്ടേയെന്ന സാമ്പ്രദായിക ആശംസാവചനവും ഇന്ത്യയുടെ പ്രഥമവനിതയുടെ ഭാഗത്തുനിന്നുണ്ടായി.

രാഷ്ട്രപതിയുടെ പ്രസംഗത്തിൽ കേരളത്തിലെയും രാജ്യത്തെയും പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ ചർച്ചയാവുക സ്വാഭാവികമാണ്. കേരളത്തിലെ ചില പ്രഗല്ഭരെ എടുത്തുപറയുന്ന കൂട്ടത്തിൽ കേരളത്തിന്റെ യശസ്സുയർത്തിയ ദേശീയ വോളിബോൾതാരം ജിമ്മി ജോർജിന്റെ പേരു പറഞ്ഞത് സദസ്സിന്റെ ഹർഷാരവത്തിന് ഇടയാക്കി. വിദ്യാഭ്യാസത്തിന്റെ മഹിമയെക്കുറിച്ചും അതു നാട്ടിലുണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ചും സംസാരിച്ചിട്ടും ക്രൈസ്തവമിഷനറിമാരുടെ വിദ്യാഭ്യാസസംഭാവനകളെക്കുറിച്ച് ഒരക്ഷരംപോലും പറഞ്ഞില്ല. അതു സ്വാഭാവികമായ മറവിയിൽനിന്നു സംഭവിച്ചതാകാനിടയില്ല. ബോധപൂർവകമായ മൗനമാകാനാണ് സാധ്യത. രാഷ്ട്രപതിയെപ്പോലെ ഏറ്റവും ഉയർന്ന ഭരണഘടനാപദവിയിലിരിക്കുന്നവർ സ്വന്തം നിലയിൽ പ്രസംഗിക്കുകയില്ല, പ്രസംഗം തയ്യാറാക്കിക്കൊടുക്കുന്നവരെ ആശ്രയിക്കുകയാണ്. അവർ എഴുതിക്കൊടുക്കുന്നത് അതേപടി വായിക്കുകയാണെന്നല്ല, പറഞ്ഞതിനർഥം. രാഷ്ട്രപതിയോട് ആലോചിച്ചാണ് പ്രസംഗം തയ്യാറാക്കുന്നത്. എന്തുപറയണം എന്തുപറയരുത് എന്നു നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം പ്രസംഗകനുണ്ടെങ്കിലും രാഷ്ട്രീയ ചായ്‌വുകൾ വീക്ഷണഗതികളെയും നിലപാടുകളെയും സ്വാധീനിക്കും.

ഗവർണറുടെ പ്രസംഗംകൂടി സൂക്ഷ്മമായി പരിശോധിക്കുമ്പോൾ മൗനത്തിന്റെ രാഷ്ട്രീയം വ്യക്തമാകും. രാഷ്ട്രപതിയുടെ പ്രസംഗം പൊതുസ്വഭാവമുള്ളതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായിരുന്നുവെങ്കിൽ ഗവർണറുടെ പ്രസംഗം രാഷ്ട്രീയസ്വഭാവമുള്ളതായിരുന്നു. രണ്ടു ചിന്തകൾ കേൾവിക്കാരുടെ മനസ്സിൽ നിക്ഷേപിക്കാൻ അദ്ദേഹം ശ്രമിച്ചു. ഒന്നാമത്തേത്, പ്രധാനമന്ത്രി മോദിയെ ബ്രാൻഡു ചെയ്യുക എന്ന ലക്ഷ്യമായിരുന്നു.



കരുത്തനാണ്, വികസനനായകനാണ്, അനിവാര്യനാണ് എന്ന സന്ദേശം ജനമനസ്സുകളിൽ ഉറപ്പിക്കാനുള്ള ശ്രമം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിറഞ്ഞുനിന്നിരുന്നു.

ബി.ജെ.പി.യുടെ 'വികസിത ഭാരതം' എന്ന മുദ്രാവാക്യം വിപണനം ചെയ്യുക എന്നതായിരുന്നു ഗവർണറുടെ പ്രസംഗത്തിന്റെ രണ്ടാമത്തെ ലക്ഷ്യം. രണ്ടിലും വിജയം വരിക്കാൻ ഗവർണറുടെ അറിവും അനുഭവസമ്പത്തും പാർട്ടിയോടുള്ള പ്രതിബദ്ധതയും അദ്ദേഹത്തെ സഹായിച്ചു എന്നു സമ്മതിക്കാതിരിക്കാൻ നിർവാഹമില്ല. 'വികസിത്ഭാരത്' യാഥാർഥ്യമാകുന്നത് 2047 ലാണ്. അതായത്, ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികത്തിൽ. ആ ലക്ഷ്യത്തിലേക്കാണു രാജ്യം കുതിക്കുന്നത്. സാമ്പത്തിക, ശാസ്ത്രസാങ്കേതിക, വൈജ്ഞാനിക മേഖലകളിലെ ഇന്ത്യയുടെ മികവ് സൂചിപ്പിക്കുന്നത് ഇത് അപ്രാപ്യമായ ലക്ഷ്യമാണെന്നല്ല, എന്നാൽ, ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ തുടർഭരണം വേണം. അതുകൊണ്ട് വികസിതഭാരതത്തിനുവേണ്ടി പാർട്ടിയുടെ കുടക്കീഴിൽ അണിനിരക്കാനുള്ള ആഹ്വാനമാണ് ഗവർണറുടെ ചെറിയ പ്രസംഗത്തിൽ പറയാതെ പറഞ്ഞത്.

ജൂബിലിവേളയിൽ സെന്റ് തോമസ് കോളജിനെ പ്രശംസിക്കുന്നത് മര്യാദയാണെങ്കിലും നിർബന്ധമുള്ള കാര്യമല്ല. എന്നാൽ, ഉന്നതസ്ഥാനീയരായ നേതാക്കന്മാർ ഒരു മതന്യൂനപക്ഷത്തിന്റെ വിദ്യാഭ്യാസസ്ഥാപനത്തിൽ സംസാരിക്കുമ്പോൾ വിദ്യാഭ്യാസത്തിന് കേരളത്തിൽ ശക്തമായ അടിത്തറയിട്ട ക്രൈസ്തവമിഷനറിമാരുടെ സംഭാവനകളെ പരാമർശിക്കാതെ പോകുന്നത് തിരസ്കരണത്തിനു തുല്യമായ കാര്യമായി വ്യാഖ്യാനിച്ചാൽ അവരെ കുറ്റപ്പെടുത്താനാവില്ല.

■

---

കഥ

# തിടുക്കം

■ എസ്. ബി. പണിക്കർ

**പ**ടിഞ്ഞാറോട്ടു കണ്ണോടിച്ചാൽ സായംസന്ധ്യ സിന്ദൂരം വാരിപ്പൂശുന്നതു കാണാം. അച്ഛനും അമ്മയും മകളുമുണ്ട് കാറിൽ. കായൽത്തീരറോഡിലൂടെ കാറോടിക്കുന്നതു പിതാവ്...

നയനാനന്ദകരമായ പടിഞ്ഞാറൻ കാഴ്ച കാണാതിരിക്കാൻ വണ്ടിയോടിക്കുന്ന ആർക്കും കഴിയുന്നില്ല. അയാളും ഇടയ്ക്കിടെ പശ്ചിമാംബരത്തിലേക്കു കണ്ണോടിക്കുന്നുണ്ട്.

പ്രകൃതിക്കു വിഷാദഭാവം. മുന്നറിയിപ്പാണത്. ഇരുളാൻ പോകുന്നു. പകലത്തെ പണിയെല്ലാം അവസാനിപ്പിച്ചുകൊള്ളുക... പടിഞ്ഞാറുനിന്നു കിഴക്കോട്ടു പറക്കുന്ന ആറേഴു കാക്കകളുടെ കൂട്ടം. ചേക്കേറാൻ പോകയായിരിക്കണം.

അഞ്ചാറു കിലോമീറ്റർ അകലെയുള്ള ടൗണിൽനിന്നു വീട്ടാവശ്യത്തിനുള്ള വസ്തുക്കൾ വാങ്ങുകയായിരുന്നു അവരുടെ ലക്ഷ്യം.

ചെന്നിട്ടുവേണം അത്താഴത്തിനുള്ളതു നോക്കാൻ. ഇരുട്ടാകാൻ പോകുന്നു. അനുരാധ ആരോടെന്നില്ലാതെ പറഞ്ഞു.

അമ്മയുടെ കൂടെ ഞാനും കൂടാം. അത്താഴം തയ്യാറാക്കാൻ: മകൾ മീനു.

ഞാൻ നിമിത്തം നിന്റെ പഠനം മുടങ്ങണ്ട. സിബിഎസ്‌സിയാണ്. അതോർത്തോളണം. എല്ലാവരെയും ഒന്നാംക്ലാസിൽത്തന്നെ പാസ്സാക്കണം എന്നല്ലേ സ്കൂളുകാരുടെ വാശി. പോരാ, എല്ലാവരും റാങ്ക് സ്വപ്നം കാണുന്നവർ. ഒരു കുട്ടി തോറ്റാൽ ആ വീട്ടുകാരുടെ കഷ്ടകാലം. കുട്ടിയെയും രക്ഷിതാവിനെയും വിളിപ്പിക്കും. പിന്നെ കശാപ്പുകത്തി ഉയരും. യുആർഎ കേഴ്സ് ടു ദിസ് സ്കൂൾ. അവർ സ്കൂളിന്റെ ശാപമത്രേ. സായിപ്പിന്റെ ഫിൽട്രേഷൻ തിയറിയുടെ സൂക്ഷിപ്പുകാരാണല്ലോ അവർ.

ഇതൊക്കെ ഇപ്പഴാണോ ഓർക്കുന്നത്: പിതാവ്.

ഓ അതുവിട്. നിന്റെ കാര്യം നോക്കിയാ മതി: മാതാവ്.

ഓർക്കാപ്പുറത്താണ് ആ കാഴ്ചകണ്ടത്. റോഡിന്റെ വലത്തുഭാഗത്ത് ചെറിയൊരാൾക്കൂട്ടം. ഒരു ടൂവീലർ അപകടം നടന്നിട്ട് മിനിറ്റുകൾ മാത്രമേ ആയിട്ടുള്ളൂ. കാർത്തികേയൻ വണ്ടി പതുക്കെ സ്ലോ ചെയ്തു; ജിജ്ഞാസ...

ഒരാൾ രക്തത്തിൽ കുളിച്ചു കിടക്കുന്നു. ബൈക്കു റോഡിലും റോഡിന്റെ അതിർത്തിക്കപ്പുറത്തുമായിട്ടാണ് കിടപ്പ്. ശരിക്കു കാണാൻ വയ്യ. രണ്ടുപേർ അതിന്റെ ചിത്രം മൊബൈലിൽ ഒപ്പിയെടുക്കുന്നു. നാട്ടിൽ പൊതുവെ കാണുന്ന കാഴ്ച.

നമുക്കീ മനുഷ്യനെയെടുത്ത് ആശുപത്രീലാക്കിയാലോ അച്ഛാ? പാവം, ആരും സഹായിക്കാനില്ല.

മീനുവിന്റേതായിരുന്നു അഭിപ്രായം. അമ്മ ഇടപെട്ടു: ഇപ്പം നിനക്ക് സഹതാപമൊക്കെ തോന്നും. എന്നിട്ടുവേണം പുലിവാലു പിടിക്കാൻ. പിന്നെ പോലീസ് സ്റ്റേഷൻ, കോടതി, സാക്ഷിപറയൽ... വേറെ പണിയൊന്നുമില്ലേ? ദിവസവും നാട്ടിൽ എത്രയെത്ര അപകടങ്ങൾ നടക്കുന്നു! ഇരുട്ടായി. വേഗം വണ്ടി വിട്. വീട്ടിൽ ഒരുവല്ലം പണി കിടക്കുന്നു. എല്ലാം ഞാൻതന്നെ തീർക്കണം. മറ്റുള്ളവർക്ക് അഭിപ്രായം പറഞ്ഞാ മതി...



കാർത്തികേയന്റെ പാദം ആക്സിലേറ്ററിൽ കൂടുതൽ അമർന്നു. പിന്നെ ഏവരും മൗനത്തിലാണ്ടു. വീട്ടിലെത്തുന്നതുവരെ അതിന്റെ പുറന്തോടു പൊട്ടിക്കാൻ എന്തുകൊണ്ടോ ആർക്കും തോന്നിയില്ല.

പ്രകൃതി ഇരുട്ടിന്റെ കമ്പളം നിവർത്തി. ഫോൺ നിർത്താതെ ശബ്ദിക്കുന്നതുകേട്ടുകൊണ്ടാണ് കാർത്തികേയൻ വീടിന്റെ സിറ്റൗട്ടിലേക്കു കടന്നുവന്നത്...

ഓ, ശല്യം! ഈ സാധനം കൊണ്ട് ദോഷമാ കൂടുതൽ.

അനുരാധയുടെ ശബ്ദം കേൾക്കാം. കാർത്തികേയൻ ഫോണെടുത്തു. നിങ്ങളുടെ മകൻ എഞ്ചിനീയറിങ്കോളജിൽ പഠിക്കുന്നുണ്ടോ?

ഉണ്ടല്ലോ. നിങ്ങൾ ആരാണ്?

പോലീസ് സ്റ്റേഷനിൽനിന്നാണ്. വേഗം ടൗണിലെ സർക്കാർ ആശുപത്രിയിലേക്കു വരാമോ?

ടൂവീലർ അപകടം... ഒരു ചെറുപ്പക്കാരൻ... നിങ്ങളുടെ വീട്ടിലെ ആണോ എന്നറിയാനാണ്. ടെൻഷൻ അടിക്കേണ്ടതില്ല. ടൂവീലർ പതുക്കെ കാറിൽ തട്ടിയതാണ്.

കാർത്തികേയൻ താനുടുത്തിരിക്കുന്ന കൈലി മാറിയില്ല. തിടുക്കപ്പെട്ടു കാർ സ്റ്റാർട്ടു ചെയ്തു. അയാൾ വേഗം കാഷ്വാലിറ്റിയിൽ എത്തി.

ആളുകൾ തിടുക്കപ്പെട്ടു നടക്കുന്നു. പലരുടെയും മുഖത്തു വിഷാദഭാവം. രണ്ട് ആംബുലൻസ് അല്പം മാറിക്കിടക്കുന്നു. ഒരു സെക്യൂരിറ്റിക്കാരൻ തിടുക്കപ്പെട്ടു നടന്നുപോകുന്നു.

സംശയിച്ചതു നടന്നിരിക്കുന്നു. അപകടത്തിൽപ്പെട്ടതു മകൻ സൂരജ് ആണെന്നു തിരിച്ചറിഞ്ഞു. അയാൾ തേങ്ങിപ്പോയി.

പ്രഥമശുശ്രൂഷയ്ക്കു മുൻകൈയെടുത്ത ഡോക്ടർ പറഞ്ഞു: വൈകിപ്പോയി. അരമണിക്കൂർ മുമ്പ് വന്നിരുന്നെങ്കിൽ പ്രതീക്ഷയ്ക്കു വകയുണ്ടായിരുന്നു.

■

# മനുഷ്യസ്നേഹത്തിന്റെ പടപ്പാട്ടുകാരൻ

**യശഃശരീരനായ വയലാർ രാമവർമ്മ അന്തരിച്ചിട്ട് ഒക്ടോബർ 27 ന് അമ്പതുവർഷം**



ഡോ. അരുൺകുമാർ എസ്
ഹരിപ്പാട്

അനശ്വരഗാനങ്ങൾകൊണ്ട് മലയാളത്തെ പുളകമണിയിച്ച കവി വയലാർ രാമവർമ്മ അന്തരിച്ചിട്ട് ഒക്ടോബർ 27 ന് അമ്പതുവർഷം. അദ്ദേഹത്തിന്റെ ഗാനങ്ങൾ ഇന്നും തലമുറകളെ പ്രചോദിപ്പിക്കുന്നു. ആലപ്പുഴയിലെ വയലാർ ഗ്രാമത്തിൽ ജനിച്ച രാമവർമ്മ ഒരു ഉന്നതകുടുംബത്തിൽനിന്നാണ് വന്നതെങ്കിലും സാധാരണക്കാരുടെ കവിയായി, മണ്ണിന്റെ മണമുള്ള കവിതകളും ഗാനങ്ങളുംകൊണ്ട് മലയാളത്തെ ധന്യമാക്കി. വിപ്ലവകരമായ ആദർശങ്ങളും, മാനവികദർശനങ്ങളും മലയാളിക്കു കവിതകളും ഗാനങ്ങളുമായി പകർന്നുനൽകിയ സാഹിത്യരംഗത്തെ ഇന്ദ്രജാലക്കാരനായിരുന്നു അദ്ദേഹം. സിനിമയ്ക്കായി രണ്ടായിരത്തിലേറെ ഗാനങ്ങളും, നിരവധി നാടകഗാനങ്ങളും അദ്ദേഹം മലയാളത്തിനു സമ്മാനിച്ചു.

സ്കൂളിൽ പഠിക്കുമ്പോൾത്തന്നെ രാമവർമ്മ കവിതകൾ രചിച്ചിരുന്നു. 'സർഗസംഗീതം', 'മുളങ്കാട്', 'പാദമുദ്രകൾ', 'ആയിഷ', 'എനിക്കു മരണമില്ല' തുടങ്ങിയ പ്രശസ്ത കൃതികളും കെപിഎസിക്കുവേണ്ടി രചിച്ച അനേകം നാടകഗാനങ്ങളും ഉൾപ്പെടെയുള്ള അദ്ദേഹത്തിന്റെ രചനകൾ മാനവികതയെയും പ്രണയസങ്കല്പങ്ങളെയും ഒരുപോലെ പ്രതിഫലിപ്പിക്കുന്നു. 'നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും' സ്നേഹിക്കാത്ത കവി.

ഇടതുപക്ഷരാഷ്ട്രീയം അദ്ദേഹത്തെ സ്വാധീനിച്ചിരുന്നുവെങ്കിലും അതിനെക്കാൾ ഉയർത്തിപ്പിടിച്ചതു മാനവികതയായിരുന്നു. മനുഷ്യനന്മയിലും മനുഷ്യസ്നേഹത്തിലും അദ്ദേഹം ഉറച്ചുവിശ്വസിച്ചു. കലയിലൂടെ സാമൂഹികപരിവർത്തനത്തിനായി അദ്ദേഹം നിലകൊണ്ടു.

സംഗീതസംവിധായകൻ ജി. ദേവരാജനുമായുള്ള അദ്ദേഹത്തിന്റെ ചങ്ങാത്തം മലയാള ചലച്ചിത്രസംഗീതത്തിന്റെ സുവർണ്ണകാലഘട്ടമായിരുന്നു. ആ ഗാനങ്ങൾ ഇന്നും മലയാളിഹൃദയങ്ങളിൽ കാലാതീതമായ ക്ലാസിക്കുകളായി നിലകൊള്ളുന്നു. കേരള സാഹിത്യ അക്കാദമി അവാർഡ്, മികച്ച ഗാനരചയിതാവിനുള്ള രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ എന്നിവയ്ക്കു പുറമേ മികച്ച ഗാനരചയിതാവിനുള്ള കേരള സംസ്ഥാന ചലച്ചിത്രഅവാർഡ് പലതവണ നേടി.



വയലാർ തന്റെ കവിതകളിലൂടെ മനുഷ്യമനസ്സിന്റെ എല്ലാ ഭാവതലങ്ങളിലേക്കും നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. വയലാറിന്റെ കവിതകൾ കേവലം വികാരപ്രകടനങ്ങൾ മാത്രമായിരുന്നില്ല. വികാരത്തിനും വിചാരത്തിനും അതിൽ ഒരുപോലെ പ്രാധാന്യമുണ്ടായിരുന്നു.

1975 ഒക്ടോബർ 27 ന് ആ തൂലിക ചലനമറ്റെങ്കിലും ആ ഗാനങ്ങൾ നമ്മുടെ ഉള്ളിന്റെ ഉള്ളിലെ അനന്തതയെ സ്പർശിക്കുന്ന സംഗീതമായി നിരന്തരം പൂവിടർത്തുന്നു. അത് ആത്മാവിന്റെ സംഗീതമാണ്. അതിന് ഒരിക്കലും മരണമില്ല.

ഈ മനോഹരതീരത്ത് ഇനിയൊരു ജന്മം കൂടി ജീവിക്കാൻ ആർക്കെങ്കിലും ഭാഗ്യം ലഭിക്കുകയാണെങ്കിൽ കവിതകൊണ്ടും, ഗാനങ്ങൾ കൊണ്ടും മനുഷ്യഹൃദയങ്ങളിൽ അശ്വമേധം നടത്തിയ ഒരേയൊരു വയലാർ ആവണേ എന്നാവും ഓരോ മലയാളിയുടെയും പ്രാർത്ഥന. ■

# സഭയിൽ ആരും ആജ്ഞാപിക്കുവാൻ വിളിക്കപ്പെടുന്നില്ല; ഏവരും സേവനത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു

## ലെയോ പതിന്നാലാമൻ പാപ്പാ

വത്തിക്കാൻ: സഭയിൽ ആരും ആജ്ഞാപിക്കാൻ വിളിക്കപ്പെടുന്നില്ലെന്നും; മറിച്ച്, സേവനത്തിനായി വിളിക്കപ്പെട്ടിരിക്കുന്നുവെന്നും പരിശുദ്ധ ലെയോ പതിന്നാലാമൻ പാപ്പാ. "സഭയിലെ പരമോന്നത ഭരണം സ്നേഹമാണ്: കല്പിക്കാൻ ആരും വിളിക്കപ്പെടുന്നില്ല, എല്ലാവരും സേവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു; ആരും അവരുടെ ആശയങ്ങൾ അടിച്ചേല്പിക്കരുത്, നാമെല്ലാവരും പരസ്പരം ശ്രവിക്കണം; ആരും ഒഴിവാക്കപ്പെടുന്നില്ല, നാമെല്ലാവരും പങ്കുചേരുവാൻ വിളിക്കപ്പെട്ടിരിക്കുന്നു; ആർക്കും മുഴുവൻ സത്യവും ഇല്ല, നാമെല്ലാവരും താഴ്മയോടെ, കൂട്ടായ്മയിൽ അത് അന്വേഷിക്കണം", പാപ്പാ പറഞ്ഞു.

സിനഡൽ സംഘത്തിന്റെയും സഭയ്ക്കുള്ളിൽ വിശ്വാസികൾ ശ്രവിക്കപ്പെടുന്നതിനും കൂടിയാലോചനയിൽ പങ്കാളികളാക്കപ്പെടുന്നതിനും വഴിയൊരുക്കുന്ന സംഘടനകളുടെയും ജൂബിലി ആഘോഷ സമാപനത്തോടനുബന്ധിച്ച്, ഒക്ടോബർ ഇരുപത്തിയാറാം തീയതി, വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ അർപ്പിച്ച വിശുദ്ധ കുർബാന മധ്യേ സുവിശേഷസന്ദേശം നല്കുകയായിരുന്നു അദ്ദേഹം.

പിതാവായ ദൈവത്തിന്റെ സ്നേഹാലിംഗനത്തിൽ മനുജകുലം മുഴുവൻ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നു പാപ്പാ എടുത്തുപറഞ്ഞു.

സിനഡൽസംഘത്തിന്റെയും സഭയ്ക്കുള്ളിലെ പങ്കാളിത്ത സമിതികളുടെയും ജൂബിലി ആഘോഷിക്കുന്നതിലൂടെ, സഭയുടെ രഹസ്യത്തെക്കുറിച്ചു കൂടുതൽ ധ്യാനിക്കുന്നതിനും, അതിനെ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിൽ വളരുന്നതിനും നമുക്കു സാധിക്കുന്നുവെന്നും പാപ്പാ പറഞ്ഞു. ബന്ധങ്ങൾ അധികാരത്തിന്റെ യുക്തിയോടല്ല; മറിച്ച് സ്നേഹത്തിന്റെ യുക്തിയോടാണ് പ്രതികരിക്കുന്നതെന്നും പാപ്പാ കൂട്ടിച്ചേർത്തു. ക്രിസ്തീയസമൂഹത്തിൽ പ്രഥമസ്ഥാനം ആത്മീയജീവിതത്തിനാണ്. ഇതു നാമെല്ലാവരും ദൈവത്തിന്റെ മക്കളാണെന്നും നമ്മൾ സഹോദരീസഹോദരന്മാരാണെന്നും പരസ്പരം സേവിക്കാൻ വിളിക്കപ്പെട്ടവരാണെന്നും നമ്മെ ബോധ്യപ്പെടുത്തുന്നു.

ക്രിസ്ത്യാനികൾ ഒരുമിച്ചു നടക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു; ഒരിക്കലും ഏകാന്തയാത്രക്കാരല്ല. ദൈവത്തിലേക്കും നമ്മുടെ സഹോദരീസഹോദരന്മാരിലേക്കും എത്തിച്ചേരുന്നതിനു നമ്മിൽനിന്നു പുറത്തുപോകാനുള്ള ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനവും പാപ്പാ അടിവരയിട്ടു പറഞ്ഞു. ചുങ്കക്കാരനും ഫരിസേയനും ദേവാലയത്തിൽ നടത്തിയ പ്രാർഥനയുടെ ആത്മീയവിശകലനവും പാപ്പാ നൽകി.



മറ്റുള്ളവരെക്കാൾ മെച്ചമാണെന്ന അവകാശവാദം, ഈ വചനത്തിലെ വ്യക്തികളെപ്പോലെ, വിഭജനം സൃഷ്ടിക്കുകയും സമൂഹത്തെ ന്യായവിധിയുടെയും ബഹിഷ്കരണത്തിന്റെയും സ്ഥലമാക്കി മാറ്റുകയും ചെയ്യുന്നുവെന്നു പാപ്പാ ചൂണ്ടിക്കാട്ടി. അതിനാൽ, സഭയിൽ നാമെല്ലാവരും ദൈവത്തെ ആവശ്യമുള്ളവരാണെന്നും, പരസ്പരം ആവശ്യമുള്ളവരാണെന്നും. പരസ്പരസ്നേഹത്തിൽ, കൂട്ടായ്മയിൽ വളരേണ്ടവരാണെന്നുമുള്ള ബോധ്യം വളർത്തിയെടുക്കുവാനും പാപ്പാ ഏവരെയും ക്ഷണിച്ചു.

ഐക്യവും വൈവിധ്യവും, പാരമ്പര്യവും പുതുമയും, അധികാരവും പങ്കാളിത്തവും തമ്മിലുള്ള പിരിമുറുക്കങ്ങളെ ആത്മവിശ്വാസത്തോടെയും പുതിയ ചൈതന്യത്തോടെയും ജീവിക്കാനും ക്രിസ്തുവിന്റെ ചിന്തകൾ നമ്മുടേതാക്കി മാറ്റുവാനും പാപ്പാ ആഹ്വാനം ചെയ്തു. മാനവികതയുടെ പാദങ്ങൾ കഴുകാൻ സ്വയംതാഴ്ന്ന ഒരു സഭയായിരിക്കണം നമ്മുടേതെന്നും പാപ്പാ ഓർമ്മപ്പെടുത്തി.

Deepanalam Weekly
RNI No : 16998/68
Vol. 58 No. 35 Date of Publication 30 October 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment




# സ്നേഹസ്മരണയ്ക്ക്

| 14–ാം ചരമവാർഷികം 19–11–2025 | 10–ാം ചരമവാർഷികം 19–03–2026 | 10–ാം ചരമവാർഷികം 07–08–2026 | 6–ാം ചരമവാർഷികം 07–11–2025 |
|---|---|---|---|
|  |  |  |  |
| കെ.ജെ. ദേവസ്യ കൊറ്റത്തിൽ, ആറുമാനൂർ | ത്രേസ്യാമ്മ ദേവസ്യ കൊറ്റത്തിൽ | റവ. ഫാ. അലക്സാണ്ടർ കൊറ്റം M.S.F.S. | റവ. ഡോ. വിൽസൺ കൊറ്റം M.S.F.S. |

"യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും" (1 തെസ. 4:14)

കുടുംബാംഗങ്ങൾക്കുവേണ്ടി : കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ, ചപ്പാത്ത്, അയർക്കുന്നം Ph: 0481-2545588 / 9447054461




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org